# ലിറ്റിൽ മാസിക

ലക്കം 135

2012 ഫെബ്രുവരി







*"നമ്മൾ എന്നുപറഞ്ഞാൽ പഠിപ്പില്ലാത്തവരും പഠിപ്പുള്ളവരും ചേർന്നതാണ്; പണക്കാരും പാവപ്പെട്ടവരും ചേർന്നതാണ്; വൃദ്ധൻമാരും യുവാക്കളും ചേർന്നതാണ്; പുരുഷൻമാരും സ്ത്രീകളും ചേർന്നതാണ്; അധ്യാപകരും അനധ്യാപകരും ചേർന്നതാണ്. നമ്മുടെ ഓഫീസ് ജീവനക്കാരെ സ്വന്തക്കാരായി, ഒപ്പം ഇരുത്തേണ്ടവരായി തിരിച്ചറിയാത്ത സാഹിത്യം പഠിച്ചിട്ട് എന്തു പുണ്യം കിട്ടാനാണ്?..."*

## ചായസൽക്കാരത്തിൽ നടത്തിയ
## അഴീക്കോടിന്റെ ഉജ്ജ്വലമായ പ്രഭാഷണം

കാണക്കാണെ നര കീഴടക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ ഹരിതഗ്രഹത്തിലെഅവശേഷിക്കുന്ന പച്ചത്തുരുത്തു കളുടെ ചെറുമർമ്മരമായി *സാജൻ സിന്ദു സംവിധാനം* ചെയ്ത ആനിമേഷൻ സിനിമ ***പച്ചിലക്കൂട്*** മാറുന്നുണ്ട്. 'My Home is green'- എന്റെ വീട് പച്ചയാണെന്ന സിനിമയുടെ തന്നെ ടൈറ്റിലിനെ 'Green is my home'-ഹരിതമാണെൻ കൂട് എന്ന് സിനിമ തിരുത്തുന്നു, പഠിപ്പിക്കുന്നു. ഒപ്പം മലയാള ആനിമേഷൻ സിനിമയുടെ കരുത്തുറ്റ ഒരു തുടക്കവും വാഗ്ദാനവുമായി തീരുന്നുണ്ട് *പച്ചിലക്കൂട്.*





*I consider that the golden rule requires that if I like a program I must share it with other people who like it.*

**- Richard Stallman**



എഡിറ്റോറിയൽ പോളിസി

## സൂക്ഷ്മം, സാവധാനം.. സശ്രദ്ധം

സൂക്ഷ്മ ജീവികൾ, സൂക്ഷ്മ ചലനങ്ങൾ, ചെറിയ കാര്യങ്ങളിലെ ജാഗ്രത, മൺ മണം, നൊടിനേരങ്ങളുടെ ജൈവികത, ചെറുതിന്റെ സമഗ്രത, ഇപ്പോൾ ഇവിടെ എന്ന ബോധം, അകത്തോട്ടുള്ള നോട്ടം, നിത്യ ജീവിതത്തിലെ സാധാരണത്തം, ആയിരിക്കുന്നതിന്റെ ലാളിത്യം, ഇത്തിരി വെളിച്ചം, ചെറുകാറ്റ്, പൂവ്, പക്ഷി, പോസ്റ്റ് കാർഡ്, മഷിയുണങ്ങാത്ത പേന, റേഡിയോ, ചെറിയ മനുഷ്യർ, ലളിതപാഠങ്ങൾ, സൈക്കിൾ, നടക്കുന്ന ദൂരം, പകൽവെളിച്ചം, ഓർഡിനറി ബസ്.... അങ്ങനെ ജീവിച്ചിരിക്കുന്നതിന്റെ സഹജഭാവങ്ങൾ അനുഭവിക്കുന്ന കുറെ ചെറിയ കാര്യങ്ങളെ കുറിച്ചുള്ള ആലോചനകളാണ് ഈ പത്രം.


ലിറ്റിൽ മാസിക



Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334



ചീഫ് എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി

ടൈപ്പ് സെറ്റിംഗ്
ജസീല

ലേഔട്ട്
ലിമാ ക്രിയേറ്റീവ്

പ്രിന്റിംഗ്
4 പ്രിന്റ്, മഞ്ചേരി

copyleft


## കുഞ്ഞേട്ടന്റെ വിശറികൾ

*ഇത്തിരി വെളിച്ചം*

കാർഡ് ബോർഡ് കഷ്ണങ്ങൾ എവിടെ ഉപേക്ഷിക്കപ്പെട്ട് കിടക്കുന്നത് കണ്ടാലും, അതെടുക്കുകയും, അവ കൊണ്ട് മനോഹരമായ വിശറികൾ ഉണ്ടാക്കുകയും ചെയ്യുന്ന ഒരാളുണ്ട്, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരത്തിനടുത്ത് പുഞ്ചപ്പാടം എന്ന ഗ്രാമത്തിൽ. വയസ്സ് 95 കഴിഞ്ഞു. ഇപ്പോഴും ശാരീരികാസ്വാസ്ഥ്യങ്ങളും അവശതകളും വകവെയ്ക്കാതെ വിശറികൾ ഉണ്ടാക്കിക്കൊണ്ടേയിരിക്കുന്നു. നാട്ടുകാർ സ്നേഹത്തോടെ കുഞ്ഞേട്ടൻ എന്നു വിളിക്കുന്ന വിളയിൽ പിഷാരത്ത് ഗോവിന്ദ പിഷാരടി പഴയൊരു ആധാരം എഴുത്തുകാരനാണ്. ഗൃഹസ്ഥാശ്രമ ധർമ്മങ്ങളെല്ലാം വിധിപോലെ നിർവ്വഹിച്ച് വിശ്രമജീവിതം നയിക്കുന്ന ഗോവിന്ദ പിഷാരടിക്ക് വെറുതെ ഇരിക്കുക എന്ന കാര്യം ഓർക്കാൻ പോലും വയ്യ. മന:പാഠമാക്കിയ പഴയ ശ്ലോകങ്ങൾ ഉരുവിട്ടും വിസ്മൃതിയിലായ കീർത്തനങ്ങളും പുരാണങ്ങളും പ്രകാശനം ചെയ്തും സദാ കർമ്മനിരതനാണ് പിഷാരടി. താനുണ്ടാക്കിയ വിശറികൾ പിഷാരടി തന്റെയടുത്തെത്തുന്നവർക്ക് സമ്മാനിക്കുകയാണ് പതിവ്. എത്രയോ സുഹൃദ് ഭവനങ്ങളിൽ "സ്നേഹപൂർവ്വം കുഞ്ഞേട്ടൻ" എന്ന് ഭംഗിയുള്ള ഉരുണ്ട കയ്യക്ഷരങ്ങളാൽ എഴുതിയ വിശറികൾ കാണാം. ഇതുകൊണ്ടെന്ത് നേട്ടം എന്ന് ചോദിച്ചാൽ ഞാനെന്റെ കർമ്മം ചെയ്യുന്നു എന്ന് ഉത്തരം. ആരെങ്കിലും അനുമോദിച്ചാൽ ഇതത്ര കൊട്ടിഘോഷിക്കാനുണ്ടോ എന്ന ഭാവം. കരിമ്പനകളിൽ തട്ടി വീശിയടിക്കുന്ന ഉഷ്ണക്കാറ്റിൽ ചുട്ടുപൊള്ളുന്ന പാലക്കാട്ടുകാർക്ക് സാന്ത്വന കുളിരാവുകയാണ് കുഞ്ഞേട്ടന്റെ വിശറികൾ.

കുഞ്ഞേട്ടന്റെ മേൽവിലാസം:
*T.P.ഗോവിന്ദ പിഷാരടി, വിളയിൽ പിഷാരം, പുഞ്ചപ്പാടം. പി.ഒ., ശ്രീകൃഷ്ണപുരം വഴി, പാലക്കാട് ജില്ല*

**Copy Left**

## അറിഞ്ഞതിന്റെ പങ്കുവെക്കൽ

അറിഞ്ഞ നല്ല കാര്യങ്ങൾ അനുഭവങ്ങൾ, കണ്ട നല്ല കാഴ്ചകൾ മറ്റുള്ളവരുമായി പങ്കുവെക്കുന്നതിൽപരം ആനന്ദമുണ്ടോ? റിച്ചാർഡ് സ്റ്റാൾമാൻ, വിക്കിപീഡിയ.... അങ്ങിനെ വിവരങ്ങൾ സൗജന്യമായും തടവില്ലാതെയും പങ്കുവെക്കലുകളുമായി നിരവധി വ്യക്തികളും സംഘടനകളും സജീവമാണ്. ലിറ്റിൽ മാസിക കോപ്പിലെഫ്റ്റ് മാസികയാണ്. ഇതിൽ എഴുതുന്നവർക്ക് പക്ഷേ പുതിയ സാധ്യതകളാണ് ലഭിക്കുന്നത്. കൂടുതൽ പേരിലേക്ക് തട്ടും തടവുമില്ലാതെ രചനകൾ/സൃഷ്ടികൾ എത്തിപ്പെടും. കോപ്പിറൈറ്റ് പോലെ തന്നെ കോപ്പിലെഫ്റ്റും സാധ്യതയാണ്.

# ചായസൽക്കാരത്തിലെ പ്രഭാഷണം



വര-സതീഷ് ചളിപ്പാടം

*സുകുമാർ അഴീക്കോടിനെ അനുസ്മരിച്ചുകൊണ്ട് ഡോ. എം.എൻ കാരശ്ശേരി എഴുതിയ കുറിപ്പ് അധികമാരും കാണാത്ത അഴീക്കോടിന്റെ വ്യത്യസ്തമായ മുഖം അനാവരണം ചെയ്യുന്നതാണ്. ഒരു ചെറിയ ചായസൽക്കാരത്തിൽ നടത്തിയതാണ് അഴീക്കോടിന്റെ ഉജ്ജ്വലമായ പ്രഭാഷണം എന്ന് കാരശ്ശേരി.*

സുകുമാർ അഴീക്കോട് എത്രയോ പ്രഭാഷണങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും ഉജ്ജ്വലമായത് ഏത് എന്ന് ചോദിച്ചാൽ അദ്ദേഹത്തിന്റെ ശിഷ്യൻ കൂടിയായ ഡോ: എം.എൻ. കാരശ്ശേരി പറയുക ചെറിയ ഒരു ചായസൽക്കാരത്തിന്റെ ഭാഗമായി ക്ലാസ് മുറിയിൽ അദ്ദേഹം നടത്തിയ ഒരു ചെറിയ ഭാഷണം എന്നായിരിക്കും. മാതൃഭൂമി ദിനപത്രത്തിൽ ജനുവരി 25 ന് എഴുതിയ ഓർമ്മക്കുറിപ്പിൽ കാരശ്ശേരി ആ സംഭവം വിവരിക്കുന്നുണ്ട്. 1992-73 കാലത്ത് തേഞ്ഞിപ്പലത്ത് മലയാളം എം.എ യ്ക്ക് പഠിക്കുകയാണ് കാരശ്ശേരി. അഴീക്കോടാണ് വകുപ്പ് മേധാവി. ആയിടയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമി അംഗത്വം ലഭിച്ച അഴീക്കോടിനെ അനുമോദിക്കാൻ കാരശ്ശേരിയും മറ്റും ക്ലാസ് മുറിയിൽ ചെറിയ ഒരു ചായസൽക്കാരം സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഉഗ്രപ്രതാപിയായ അഴീക്കോടിന്റെ സമ്മതം കിട്ടുമോ എന്നതായിരുന്നു ശങ്ക. ഒടുവിൽ അഴീക്കോട് മാഷ് സൽക്കാരത്തിന് സമ്മതിച്ചു; ചില നിബന്ധനകളോടെ. ആരും പ്രസംഗിക്കരുത്. ചായകുടി മാത്രം. പിന്നെ മലയാളം വിഭാഗത്തിലെ അധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും മാത്രം മതി. മറ്റാരെയും വിളിക്കരുത്. ഇതായിരുന്നു നിബന്ധന. അങ്ങനെ ചായസൽക്കാരത്തിന്റെ ഒരുക്കങ്ങൾ തുടങ്ങി. പലഹാരങ്ങളും മറ്റും വാങ്ങി. ഒരു മുറിയിൽ എല്ലാവർക്കും മേശയും കസേരയും പിടിച്ചിട്ട് പലഹാരപ്പൊതികൾ തയ്യാറാക്കുന്നതിനിടയിൽ തൂപ്പുകാരി ദേവകിയമ്മ തനിക്ക് ആപ്പീസ് മുറിയിൽ തന്നാൽ മതിയെന്നും തനിക്ക് സാറിന്റെ മുമ്പിലിരുന്ന് ചായ കുടിക്കാൻ കഴിയില്ല എന്നും പറഞ്ഞു. അപ്പോൾ പ്യൂൺ ബാലകൃഷ്ണനും ടൈപ്പിസ്റ്റുമാരായ കമലവും ഉണ്ണികൃഷ്ണനും അഴീക്കോടിന്റെ സഹായി വേലായുധനും അതുതന്നെ പറഞ്ഞു. അനധ്യാപക ജീവനക്കാർക്ക് ആപ്പീസിൽ ചായ കൊടുക്കാൻ ഏർപ്പാടാക്കി. കൃത്യസമയത്ത് അഴീക്കോട് എത്തി. എല്ലാരെയും സൂക്ഷിച്ചുനോക്കിയിട്ട് അദ്ദേഹം ചോദിച്ചു. ദേവകിയമ്മയെവിടെ, ബാലകൃഷ്ണനെവിടെ? അഴീക്കോട് ഗർജ്ജിച്ചുകൊണ്ട് ഇറങ്ങിപ്പോയി. കാരശ്ശേരിയും സുഹൃത്തുക്കളും ഉടൻ തന്നെ ആപ്പീസ് ജീവനക്കാരെ വിളിച്ചുകൊണ്ടുവന്ന് ഇരുത്തി അഴീക്കോടിനെ വിളിച്ചു. ഒന്നും സംഭവിച്ചിട്ടാത്തമാതിരി ഇളംചിരിയുമായി അദ്ദേഹം വന്നിരുന്നു. ദേവകിയമ്മയും മറ്റും ആ കൂട്ടത്തിലുണ്ട് എന്ന് ഉറപ്പാക്കി അണ്ടിപ്പരിപ്പ് കൊറിക്കാൻ തുടങ്ങി. അതുകഴിഞ്ഞ് ചെറിയ സദസ്സിന്നു മുമ്പിൽ അഴീക്കോട് എഴുന്നേറ്റു നിന്ന് സ്വരം താഴ്ത്തി സംസാരിച്ചുതുടങ്ങി. ആ ലഘുപ്രഭാഷണം എം.എൻ. കാരശ്ശേരി ഓർത്തെടുക്കുന്നതിങ്ങനെ:

"നമ്മൾ എന്നുപറഞ്ഞാൽ പഠിപ്പില്ലാത്തവരും പഠിപ്പുള്ളവരും ചേർന്നതാണ്; പണക്കാരും പാവപ്പെട്ടവരും ചേർന്നതാണ്; വൃദ്ധൻമാരും യുവാക്കളും ചേർന്നതാണ്; പുരുഷൻമാരും സ്ത്രീകളും ചേർന്നതാണ്; അധ്യാപകരും അനധ്യാപകരും ചേർന്നതാണ്. നമ്മുടെ ഓഫീസ് ജീവനക്കാരെ സ്വന്തക്കാരായി, ഒപ്പം ഇരുത്തേണ്ടവരായി തിരിച്ചറിയാത്ത സാഹിത്യം പഠിച്ചിട്ട് എന്തു പുണ്യം കിട്ടാനാണ്? തോണിക്കാരൻ ഗുഹൻ ശ്രീരാമന്റെ സുഹൃത്താണ് എന്നു പറയാനാണ് രാമായണം എഴുതിയത്. പക്ഷികളും വാനരൻമാരും രാമന്റെ സുഹൃത്തുക്കളാണ്. അതു മറക്കരുത്. പഠിപ്പിനേക്കാളും പാസ്സിനേക്കാളുമൊക്കെ വലുതാണത്. സമത്വത്തിന്റെ ആ പാഠമാണ് രാഷ്ട്രീയം. ആ പാഠമാണ് സംസ്കാരം. ഈ ചായസൽക്കാരത്തിന് വല്ല മൂല്യവുമുണ്ടെങ്കിൽ അത് ഈ പാഠത്തിന്റേതാണ്. ഈ പാഠം നിങ്ങൾ പഠിക്കുന്നതോടെയാണ് ഈ ചെറിയ സൽക്കാരം ഒരു പാഠപുസ്തകമാവുന്നത്. മനുഷ്യർക്കിടയിൽ വലുപ്പച്ചെറുപ്പം കൽപിക്കരുത്. ഇനി ആരെയെങ്കിലും കൂടുതൽ ശ്രദ്ധിക്കുന്നെങ്കിൽ അത് നിങ്ങളേക്കാൾ പണവും പഠിപ്പും അധികാരവും കുറഞ്ഞവനെ വേണം...."

---

ഫെബ്രുവരി 13

## ലോക റേഡിയോ ദിനം



ഇക്കഴിഞ്ഞ നവംബർ 3 ന് യുനസ്കോയുടെ 36-ാമത് പൊതുസമ്മേളനം ഇനി മുതൽ ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നു. സ്പാനിഷ് അക്കാദമി ഓഫ് റേഡിയോ ആണ് ഈ ആശയം ആദ്യമായി മുന്നോട്ടു വെച്ചത്.

റേഡിയോയെ ശക്തമായ പൊതുജന മാധ്യമമായി നിലനിർത്താനും കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനും ഇത്തരം ഒരു ദിനാചരണം ലക്ഷ്യമിടുന്നു. റേഡിയോ തികച്ചും ചിലവുകുറഞ്ഞ മാധ്യമമായും കുഗ്രാമങ്ങളിലെ ജനങ്ങൾക്കു പോലും ആശയവിനിമയോപാധിയായി ആശ്രയിക്കാവുന്നതും നിരക്ഷരൻ, കാഴ്ചയില്ലാത്തവൻ, ശാരീരിക വൈകല്യമുള്ളവർ, സ്ത്രീകൾ, യുവാക്കൾ, തൊഴിലാളി എന്നിങ്ങനെ വിവിധ ജനവിഭാഗങ്ങൾക്ക് ആശയവിനിമയം സാധ്യമാക്കുന്ന റേഡിയോ അന്തർദേശീയ തലത്തിൽ തന്നെ വീണ്ടും അംഗീകരിക്കപ്പെടുന്നതിൽ റേഡിയോ പ്രേമികൾക്ക് സന്തോഷിക്കാം.



# ‘Green is my home’ അഥവാ

## നിശ്ശബ്ദ വസന്തത്തിലെ ഇടിമുഴക്കങ്ങൾ

മമ്മദ് മൊണ്ടാഷ്

AS **man** proceeds toward his announced goal of the **conquest of nature**, he has written a **depressing record of destruction**, directed not only against the earth he inhabits but against the life that shares it with him. The history of the recent centuries has **its black passages**-the **direct killing** of birds, mammals, fishes, and indeed practically every form of wildlife by **chemical insecticides** indiscriminately sprayed on the land. Under the philosophy that now seems to guide our destinies, **nothing must get in the way of the man** with the spray-gun. The incidental victims of his **crusade against insects** count as nothing; if robins, pheasants, raccoons, cats, or even livestock happen to inhabit the same bit of earth as the target insects and to be hit by the **rain of insect-killing poisons** no one must protest.Silent Spring-Re

*Silent Spring - Rachel Carson*

നാം ജീവിക്കുന്ന കാലം ഭാഷകളെയും ആശയങ്ങളെയും വരിയുടച്ച് എങ്ങനെ അതിന്റെ വാണിജ്യ കുതന്ത്രങ്ങൾക്ക് ഉപയുക്തമാക്കുന്നു എന്ന് നിരീക്ഷിക്കുന്നത് വളരെ കൗതുകകരമായിരിക്കും. പ്രത്യേക ജീവിതാവസരങ്ങളിലും ധ്വനികളിലും മാത്രം ചില ജന വിഭാഗങ്ങൾ ഉപയോഗിച്ചിരുന്ന വാക്കുകൾ, പ്രയോഗങ്ങൾ എന്നിവ അവയിൽ നിന്നും അടർത്തി മാറ്റി വിപണി ആവശ്യങ്ങളുടെ പരിമിത ചുറ്റുപാടുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നത് തികച്ചും സ്വാഭാവികമായ പ്രക്രിയയായിത്തീർന്നിരിക്കുന്നു, ഇന്ന്. ഇത്തരുണത്തിൽ ‘ലക്ഷ്മൺ രേഖ’ എന്നത് രാക്ഷസീയ പൗരുഷത്തിൽ നിന്ന് നിസ്സഹായ സ്ത്രീത്വത്തെ സംരക്ഷിക്കാൻ നിഷ്കാമ കർമ്മം വരയ്ക്കുന്ന കരുതലിന്റെ ഒരു സംരക്ഷണവലയമോ അതിർവരമ്പോ അല്ല. മറിച്ച് കീടങ്ങളെയും പ്രാണികളെയും മനുഷ്യലോകത്തുനിന്നും നിഷ്കാസനം ചെയ്യാനുള്ള വ്യാവസായിക യുഗത്തിന്റെ നെറുകയിലെ വിഷസൂചക തിലകമായ ഒരു ബ്രാൻഡ് നെയിം മാത്രമാണ്.

മനുഷ്യകുലം കാലാകാലങ്ങളായി ‘ഉപദ്രവകാരികളായ’ പ്രാണികളുടെയും കീടങ്ങളുടെയും മീതെ ‘സ്വാഭാവികമായി’ നടത്തിക്കൊണ്ടിരിക്കുന്ന നിർദ്ദാക്ഷിണ്യ ‘വംശ’ഹത്യകളെ മറച്ചുവെയ്ക്കുവാനും ഉല്പന്നങ്ങളുടെ വിഷസൂചകമായ രാസനാമങ്ങളെ മനോഹരമായി പൊതിഞ്ഞുവെയ്ക്കുവാനുമുള്ള ഭാഷാകവചങ്ങളത്രെ ഇന്നത്തെ ബ്രാൻഡ് നെയിമുകൾ. പുതിയ വിഷം പഴയ (വിശ്വാസങ്ങളുടെ) കുപ്പിയിൽ എങ്ങനെ നിറയ്ക്കാം എന്ന് അനായാസം തിരിച്ചറിയാനുള്ള കച്ചവടതന്ത്രം എന്നും ലോകമുതലാളിത്തത്തിന് സ്വന്തം. വിശ്വാസസംബന്ധിയായ കഥകളും കഥാപാത്രങ്ങളും സ്ഥലനാമങ്ങളും പുഴകളും മറ്റും വാണിജ്യലാക്കോടെ മാത്രം ഇവിടെ മാറ്റിവായിക്കപ്പെടുന്നു. മേജിക്, ഗുഡ്നൈറ്റ് (Good knight), ഓൾ ഔട്ട്, ഹിറ്റ്, ബാനിഷ്,. തുടങ്ങിയവ മാരക വിഷങ്ങളെ ആകർഷകമാക്കാനുള്ള ഉത്പാദകരുടെ ആംഗലേയത്തിൽ പൊതിഞ്ഞ ചില മധുര സൂത്രങ്ങൾ മാത്രം. ഇത്തരം ചെയ്തികൾക്കുള്ള ആധുനികശാസ്ത്രത്തിന്റെ ലൈസൻസ് രാസനാമ കൈയൊപ്പിന്റെ രൂപത്തിൽ ചാർത്തി കിട്ടുന്നുവെന്ന് നാം വിശ്വസിക്കുന്നു. കൂടാതെ കീടനാശിനികളുടെ ഉന്മൂലന പ്രവണതയെ എന്നും അൽപം ലാഘവത്വം കലർന്ന ഓമനത്തത്തോടെ കാണുന്ന ഒരു കണ്ണ് മലയാളിക്കുണ്ടെന്ന് കീടനാശിനികളുടെ മലയാളീ മറുപേരായ ‘മരുന്ന്’ എന്ന പ്രയോഗം സൂചിപ്പിക്കുന്നുണ്ട്.

ഇത്തരം വർത്തമാനകാല വസ്തുതകളുടെ പശ്ചാത്തലത്തിലാണ് *പച്ചിലക്കൂട്* (My home is green) എന്ന സാജൻ സിന്ധു സംവിധാനം ചെയ്ത ആനിമേഷൻ സിനിമ ഗൗരവതരമായ വീക്ഷണവും വായനയും അർഹിക്കുന്നത്. എൻഡോസൾഫാൻ എന്ന ജനിതകാപായങ്ങൾ തീർക്കുന്ന മാരക വിഷം എങ്ങനെ ചെറുജീവജാലങ്ങളെ തുടച്ചുനീക്കുന്നു എന്ന് നേരിട്ട് പ്രമേയവൽക്കരിക്കുന്നതുകൊണ്ട് മാത്രമല്ല അത്. മറിച്ച്, കീടനാശിനികളെല്ലാം ആത്യന്തികമായി എന്തു ധർമ്മം നിർവ്വഹിക്കുന്നു എന്ന വലിയ പാഠം നമുക്കായി ഒരുക്കുന്നതുകൊണ്ട് കൂടിയാണ്. ഇതിനെല്ലാം പുറമേ ആനിമേഷൻ എന്ന ഇന്ത്യൻ സിനിമയിലെ ഇനിയും മുലകുടി മാറാത്ത സിനിമാരൂപത്തിൽ ഇങ്ങനെ ഒരു പരീക്ഷണംനടത്താനുള്ളആർജവത്തിനും കൂടിയാണത്. സിനിമ എന്ന രീതിയിലുള്ള ആനിമേഷന്റെ ഇന്ത്യയിലെ തന്നെ ചരിത്രം വെറും ഒരു ദശകത്തോളം മാത്രമായിരിക്കെ, സാധാരണഗതിയിൽ കോമാളിത്തവും കാരിക്കേച്ചർ രൂപങ്ങളുമായി ഇത്തരം സൃഷ്ടികൾ അവസാനിക്കെ സാജൻ സിന്ധു ചെയ്ത ഈ സംരംഭം മലയാള സിനിമാ പ്രസ്ഥാനത്തിനു തന്നെ ആർജ്ജവം പകരേണ്ട ഒന്നാണ്. ഒരു സാധാരണ ഡോക്യുമെന്ററിയുടെയോ ഹ്രസ്വ സിനിമയുടെയോ ഉൽപാദനത്തിന് എടുക്കുന്നതിനേക്കാൾ എത്രയോ മടങ്ങ് ഊർജ്ജ-സാമ്പത്തികവ്യയവും ക്രിയാത്മ കതയും ഈ സൃഷ്ടിക്ക് ആവശ്യമായി വരുന്നു എന്നറിയുമ്പോൾ മാത്രമേ പ്രേക്ഷകർക്ക് ഇതിനോടുള്ള ലാഘവ സമീപനം മാറൂ.

ഓർമ്മകളിൽ എൻഡോ സൾഫാൻ ആക്രമണത്തിന്റെ മുറിവുണങ്ങാത്ത ഒരുറുമ്പും, ആ ഉറുമ്പ് ഒരമ്മയെപ്പോലെ അരുമയോടെ കാത്തുസംരക്ഷിക്കുന്ന ഒരു ശലഭപ്പുഴുവും (Cater pillar) ആണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. നായകനായ ഉറുമ്പിന്റെ നന്മ നിറഞ്ഞ ചെയ്തികൾ കൊണ്ടും ശലഭ സൗന്ദര്യത്തിന്റെ പരിണാമത്തിലെ ആകർഷകമായ അവതരണം കൊണ്ടും നമ്മുടെ കാലത്തെ ഈ വലിയ ആശയത്തെ നർമ്മത്തിലും കൗതുകമുണർത്തുന്ന ചേഷ്ടകളിലും പൊതിഞ്ഞ് സിനിമ മുന്നോട്ടു വെയ്ക്കുന്നു. തുടക്കത്തിൽ തെന്നിനീങ്ങുന്ന ക്യാമറ ക്കാഴ്ച കാടിന്റെ ആന്തരിക താളത്തെ കാവ്യാത്മകമായി പകർത്തുന്നു. ആ കാഴ്ച ശലഭമുട്ടയെ തൊട്ട് പതിയെ ഉറങ്ങുന്ന ഉറുമ്പിലേക്ക് കേന്ദ്രീകരിക്കുന്നു. പേടിസ്വപ്നങ്ങൾ സദാ വേട്ടയാടുന്ന ഉറുമ്പ് ഉറക്കിൽ ഞെട്ടിപ്പിടഞ്ഞ് താഴേക്കുതെന്നി ശലഭമുട്ടയുടെ അടുത്ത് വീഴുന്നു. മുട്ട വിരിഞ്ഞ് പുറത്തുവരുന്ന പുഴു വിശന്നു കരയുമ്പോൾ ഉറുമ്പ് പൂക്കളിലെ മധു ശേഖരിച്ച് അതിന് നൽകുന്നു. അത് വേണ്ടെന്ന് വരുമ്പോൾ താല്പര്യമുള്ള ഇലകൾ മാറിമാറി ശലഭപ്പുഴുവിനായി എത്തിക്കുന്നു. പിന്നീട് ഒരമ്മയെ പോലെ വാത്സല്യത്തോടെ പുഴുവിനെ എടുത്ത് സുരക്ഷിത സ്ഥാനത്തേക്കുമാറ്റി ഉറങ്ങാനായി പച്ചിലപ്പുതപ്പും പുതപ്പിച്ച് തന്റെ പതിവുക്രമങ്ങളിലേക്ക് പിൻവാങ്ങുന്നു. കൊക്കൂണിനകത്ത് പ്യൂപ്പ സമാധിയിലാകുമ്പോൾ ഒരു കാവൽക്കാരനെ പോലെ ഇടയ്ക്കിടെ അതിന്റെ ആന്തരിക സ്പന്ദനത്തിന് കാതോർക്കുന്നു. വിഷത്തുള്ളികൾ കാടിനും ജീവിതത്തിനും മേൽ പതിക്കുമ്പോൾ ദൈവദൂതനെപ്പോലെ പ്യൂപ്പയുടെ കാവലാളാകുന്നു. പ്യൂപ്പയിൽ നിന്നും ശലഭം ചിറകുവിടർത്തി പുറത്തുവരുമ്പോൾ വിഷമയമായ മനുഷ്യലോകത്തു നിന്നും ശുദ്ധവായുവിന്റെ വിഹായസ്സിലേക്ക് ചിറകുവിരിക്കുന്ന ശലഭച്ചിറകിലെ സവാരിക്കാരനാകുന്നു. അങ്ങനെ ഈ സിനിമയിലെ നായകർ പ്രകൃതിയുമായി സദാ സമരത്തിലേർപ്പെട്ടിരിക്കുന്ന മനുഷ്യരിൽ നിന്ന് വിഭിന്നമായി പ്രകൃതിയുടെ താളത്തിനോട് ഐക്യപ്പെടുന്ന സമരസത്തിന്റെ പുത്തൻ കാഴ്ചകൾ തീർക്കുന്നു.

ഈ ചിത്രത്തെ ഒരു ആനിമേഷൻ സിനിമ എന്ന രീതിയിൽ പരിഗണിക്കുമ്പോൾ അതിന്റെ അടിസ്ഥാനപരമായ വിജയഘടകങ്ങൾ എന്തെല്ലാമാണെന്ന് നാം അന്വേഷിക്കേണ്ടിവരും. ഒരു ആനിമേഷൻ ചിത്രം അതിന്റെ രൂപത്തിൽ പൂർണ്ണത പ്രാപിക്കുന്നത് മൂന്ന് ഘടകങ്ങളുടെ ലാവണ്യാത്മകമായ സന്തുലനം വരുമ്പോഴാണ്. Perspective (വീക്ഷണതലം), Proportion (അനുപാതം), Timing (സമയക്രമം) എന്നിവയാണവ. ഇവയ്ക്കു പുറമെ കാണിയെ പൊള്ളിക്കും വിധം പ്രമേയത്തിന് കാലത്തിന്റെ മർമ്മത്തിൽ തൊടാനുള്ള ആർജ്ജവം കൂടിയുണ്ടെങ്കിൽ ആ സൃഷ്ടി നിസ്സംശയം മഹത്തരമാകും.

പ്രമേയത്തിന്റെ കാര്യത്തിൽ *പച്ചിലക്കൂട്* എത്ര സമകാലികമാണ് എന്ന ചർച്ച പ്രസക്തമേ അല്ല. രണ്ടു ഡസനോളം ഡോക്യുമെന്ററികളും ഹ്രസ്വ സിനിമകളും പ്രസ്തുത വിഷയത്തിൽ നേരത്തെ തന്നെ പുറത്തുവന്നിട്ടുണ്ട്. ഇവയിൽ പലതും ദേശീയ ശ്രദ്ധ പിടിച്ചുപറ്റുക പോലും ചെയ്തവയാണ്. എം.എ. റഹ്മാൻ മാഷ് സംവിധാനം ചെയ്ത *അരജീവിതങ്ങൾക്കൊരു സ്വർഗ്ഗം* എന്ന ഡോക്യുമെന്ററി ഈ വിഷയം മാധ്യമങ്ങളുടെ സജീവ ശ്രദ്ധാകേന്ദ്രമാകുന്നതിനുമുമ്പേ ചെയ്തതാണ്. കെ.ആർ.മനോജ് സംവിധാനം ചെയ്ത *എ പെസ്റ്ററിംഗ് ജേർണി* കേവലം എൻഡോസൾഫാൻ വിഷയമെന്നതിലുപരി കീടനാശിനികളുടെ പ്രശ്ന പരിസരവും പ്രസക്തിയും ഇന്ത്യൻ സാമൂഹികശാസ്ത്ര പശ്ചാത്തലത്തിൽ തത്വശാസ്ത്രപരമായി അന്വേഷിക്കുന്ന കൃതിയാണ്. നസീം റാവുത്തരുടെ *ആഫ്റ്റർ ദ ഡെല്യൂഷ്* കാണിയെ നൊമ്പരപ്പെടുത്തുന്ന ദൃശ്യങ്ങൾ കൊണ്ട് സജീവമാണ്.

ഈ സൃഷ്ടികളെല്ലാം അവയുടെ സാമൂഹികവും സൗന്ദര്യശാസ്ത്രപരവുമായ ദൗത്യങ്ങൾ പല തലങ്ങളിൽ നിർവ്വഹിക്കുന്നുണ്ട്. എങ്കിലും ഇവയിൽ പലതും വിഷയത്തിന്റെ ഗൗരവ സ്വഭാവത്താലും പരിചരണത്തിലെ ഘടനാ പരിമിതികളാലും കാഴ്ചയെ അത്ര രസിപ്പിക്കുന്നവയല്ല. കൂടാതെ കാണികളുടെ നീതിബോധത്തെ പ്രകോപിപ്പിക്കുന്നവയുമാണ്. തീർത്തും മനുഷ്യനിർമ്മിതമായ ഈ പ്രശ്നത്തെ എങ്ങനെ നിരാലംബരും നിസ്സഹായരുമായ ഇരകൾ മനുഷ്യ ഭാഷയിൽ തന്നെ വിമർശനാത്മകമായി വിലയിരുത്തുന്നുവെന്ന കാഴ്ചകളാണ് ഇവയെല്ലാം മുന്നോട്ടുവെയ്ക്കുന്നത്. ഇവിടെയാണ് *പച്ചിലക്കൂടിന്റെ* ഫോർമാറ്റിന്റെ പ്രസക്തി. ആനിമേഷൻ ചിത്രങ്ങളുടെ സഹജമായ ലാഘവത്വത്തോടൊപ്പം അതീവ ഗൗരവപ്രധാനമായ ഒരു വിഷയത്തെ സിനിമ പ്രമേയമാക്കുന്നുവെന്നതാണത്. വാൾട്ട് ഡിസ്നി ഉത്പാദിപ്പിച്ചിട്ടുള്ള സാമ്പ്രദായിക കാഴ്ചാ ഘടനയെയും ആസ്വാദക നിർവ്വചനങ്ങളെയും ഈ വിധത്തിൽ ***പച്ചിലക്കൂട്*** തിരുത്തുന്നു. വിഷയാവതരണത്തിലെ മാധ്യമാനുസാരിയായ സൂക്ഷ്മതയാലും നിലപാടുതറയുടെ വ്യക്തതയാലും ഗീതാഞ്ജലി റാവുവിന്റെ *പ്രിന്റഡ് റെയിൻബോ, ഓറഞ്ച്* പോലെയുള്ള ഇന്ത്യൻ ആനിമേഷൻ സിനിമയിലെ കരുത്തുറ്റ സാന്നിധ്യങ്ങളെ സാജൻ തന്റെ സൃഷ്ടി കൊണ്ട് അനുസ്മരിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്.

( *ശേഷം പേജ് 6 ൽ* )



*സാജൻ സിന്ധു*

***പച്ചിലക്കൂട്*** (My home is green) എന്ന ആനിമേഷൻ സിനിമ ഗൗരവതരമായ വീക്ഷണവും വായനയും അർഹിക്കുന്നത് എൻഡോസൾഫാൻ എന്ന മാരക വിഷം എങ്ങനെ ചെറുജീവജാലങ്ങളെ തുടച്ചുനീക്കുന്നു എന്ന് നേരിട്ട് പ്രമേയവൽക്കരിക്കുന്നതുകൊണ്ട് മാത്രമല്ല. മറിച്ച്, കീടനാശിനികളെല്ലാം ആത്യന്തികമായി എന്തു ധർമ്മം നിർവ്വഹിക്കുന്നു എന്ന വലിയ പാഠം നമുക്കായി ഒരുക്കുന്നതുകൊണ്ട് കൂടിയാണ്. ഇതിനെല്ലാം പുറമേ ആനിമേഷൻ എന്ന ഇന്ത്യൻ സിനിമയിലെ ഇനിയും മുലകുടി മാറാത്ത സിനിമാരൂപത്തിൽ ഇങ്ങനെ ഒരുപരീക്ഷണം നടത്താനുള്ള ആർജവത്തിനും കൂടിയാണത്.

കഥാവതരണത്തിലെ കാഴ്ചപ്പാട്/വീക്ഷണതലം (Perspective) ആനിമേഷൻ സിനിമയ്ക്ക് യോജിച്ച രീതിയിൽ ഒരു ഉറുമ്പിന്റെ വീക്ഷണകോണിലാണ് ഒരുക്കിയിരിക്കുന്നത്. പ്രണയവും സംഘർഷങ്ങളും ആഘോഷ ങ്ങളും ആഘാതങ്ങളും ജീവിതവും മരണവും ഉറുമ്പിന് അനുയോജ്യമായ വിധത്തിൽ തികച്ചും വിശ്വസനീയമായ രൂപത്തിൽ തന്നെയാണ് അവതരിപ്പിക്കപ്പെടുന്നത്. സ്വാഭാവികതയുടെ നിറച്ചാർത്ത് ചാലിച്ച് അദ്ധ്വാനവും, കുടുംബവും വൈകാരിക നിമ്നോന്നതികളും സിനിമ ഫോക്കസ് ചെയ്യുന്നു. കൂട്ടിനുള്ള ശലഭപ്പുഴുവാകട്ടെ അതിന്റെ തൃപ്തിയും അതൃപ്തിയും കലർന്ന പുഞ്ചിരിയും കണ്ണീരും അത്ഭുതഭാവങ്ങളും കൊണ്ട് കാണികളെ സ്പർശിക്കുന്നുണ്ട്. ഉറുമ്പിന്റെ വീക്ഷണ തലത്തിൽ ജീവിതാഘോഷത്തിന്റെ നൃത്തത്തറയിൽ പതിക്കുന്ന പാലുപോലെ വെളുത്ത എൻഡോസൾഫാൻ തുള്ളി ഒരു ബോംബിന് സമാനമാകുന്നത് നാം കാണുന്നു. തുടർന്ന് പതിക്കുന്ന മരണം വൈവിധ്യപൂർണ്ണവും വർണ്ണശബളവുമായ ചെറുജീവജാലങ്ങളുടെ ലോകത്തെ എങ്ങനെ നിശ്ചലമാക്കുന്നു എന്ന് ആ ലോകത്തിന്റെ തനതു ഭാവങ്ങളിൽ അവിസ്മരണീയമാം വിധം കോറിയിടുന്നു. സദാ കലുഷമായ മനുഷ്യലോകത്തിനു കീഴെ നിശ്ശബ്ദവും അനുസ്യൂതവുമായി നടക്കുന്ന നൂറായിരം സൂക്ഷ്മ ധർമ്മങ്ങളെ എങ്ങനെ ഒരു തുള്ളി വിഷം നിശ്ശേഷ്ടമാക്കുന്നുവെന്നത് നാം കാണുന്നു. നിവർന്നു നടക്കുന്ന ഉദ്ബുദ്ധനായ മനുഷ്യന്റെ ദൃഷ്ടി പഥത്തിലേ പതിക്കാത്ത ചെറുജീവജാലങ്ങൾ എങ്ങനെ ജൈവിക ലോകത്തെ സ്പന്ദനങ്ങളുടെ തുടർച്ചാവാഹ കരാകുന്നു എന്ന് കാണിക്കുന്നു. ഉല്പാദനത്തിലെ വർദ്ധനവിലും ലാഭേച്ഛയിലും മാത്രം കണ്ണുടക്കുന്ന വർത്തമാനകാല മനുഷ്യാവസ്ഥയ്ക്ക് വിഷവർഷത്തിൽ പിടയുന്ന ജൈവലോകത്തിന്റെ ഈ സൂക്ഷ്മതലം പൊള്ളിക്കുന്ന അനുഭവമായി തീരുന്നു. വിഷം തളിക്കുന്ന മനുഷ്യൻ രാക്ഷസരൂപം പൂകുന്നതും ശലഭപ്പുഴുവിനെ ആക്രമിക്കുന്ന കഴുകന്റെ കാലുകൾ മാത്രം ഭീമാകാരം പൂണ്ട് കാണുന്നതും സ്പ്രേയറിന്റെ ശബ്ദം ഹെലികോപ്റ്ററിന്റെ ശബ്ദത്തെ അനുസ്മരിപ്പി ക്കുന്നതും മറ്റും ഈ വീക്ഷണതലത്തിന്റെ പ്രത്യേകത കൊണ്ടാണ്.

അനുപാതമാണ് (Proportion) ഒരു ആനിമേഷൻ സിനിമയുടെ രൂപത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്ന രണ്ടാമത്തെ പ്രധാന ഘടകം. കഥയുടെ വീക്ഷണതലം അവതരിപ്പിക്കുന്ന കഥാപാത്രവും മറ്റു കഥാപാത്രങ്ങളും തമ്മിലുള്ള ആകാര സമാനതകളും വൈജാത്യങ്ങളുമാണ് ഇതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഈ അനുപാതങ്ങൾ പലപ്പോഴും ഇത്തരം സിനിമകൾ മുന്നോട്ടുവെയ്ക്കുന്ന പ്രമേയ പരിചരണത്തിനും പരിസരത്തിനും അനുസൃതമായി മാറാറുണ്ട് എന്നതാണ് വസ്തുത. സിനിമയുടെ അവസാനത്തിൽ വിഷം സ്പ്രേ ചെയ്യുന്ന മനുഷ്യന്റെ ഭീകര രൂപവും, ഉറുമ്പുകൾക്കിടയിലേക്ക് വീഴുന്ന വിഷത്തുള്ളിയുടെ വലിപ്പവും മറ്റും നിർണ്ണയിക്കപ്പെടുന്നത് ഉറുമ്പിന്റെ വലിപ്പവുമായി ബന്ധപ്പെട്ട അനുപാതത്തിലാണ്. ഉറുമ്പ് തന്റെ മാളത്തിലേക്ക് കൊണ്ടുപോകുന്ന കായ്കനികളുടെ വലിപ്പവും ഇതേ അനുപാതമനുസരിച്ച് മാറുന്നത് നാം കാണുന്നു. സിനിമയിൽ പ്രത്യക്ഷപ്പെടുന്ന ബാക്കി സൂക്ഷ്മജീവികളുടെ വലിപ്പമെല്ലാം ഉറുമ്പിന്റെ ആകാരത്തെ കേന്ദ്രീകരിച്ചായതിനാൽ അതിനനുസൃതമായ അനുപാതങ്ങളിലാകുന്നു.

സമയക്രമമാണ് (Timing) ഈ സിനിമയെ മനോഹരമാക്കുന്ന മൂന്നാമത്തെ ഘടകം. നായകന്റെ ദീനാനുകമ്പയും സഹാനുഭൂതിയും കാണിക്കുന്ന രണ്ടു പ്രധാന ഉദ്യമങ്ങളിൽ സിനിമ കാണിച്ചിരിക്കുന്ന കാലക്രമം തികച്ചും അഭിനന്ദനാർഹം തന്നെയാണ്. ഒന്നാമത്തേത് മഴവില്ലു കണ്ട് സ്വയം മറന്നുനിൽക്കുന്ന ശലഭപ്പുഴുവിനെ റാഞ്ചാൻ കഴുകൻ വരുന്നിടത്താണ്. ഇവിടെ കാഴ്ചയിൽ ലയിച്ചിരിക്കുന്ന പുഴുവിനെ കാണിച്ച ശേഷം വേവലാതിപ്പെട്ടോടുന്ന ഉറുമ്പിനേയും അതേസമയം തന്നെ താഴെപതിക്കുന്ന ഒരു കഴുകന്റെ നിഴലിനെയും കാണിക്കുന്നു. ഉറുമ്പിന്റെ ഓട്ടവും പുഴുവിന്റെ കൺമിഴിച്ചിരുത്തവും സീക്വൻസുകളായി മാറിവന്ന് അവസാനം കഴുകുനഖങ്ങൾ പുഴുവിൽ പതിക്കുന്ന കൃത്യസമയത്ത് ഉറുമ്പ് സാഹസികമായി സുഹൃത്തിനെ സംരക്ഷിക്കുന്നതിന്റെ ടൈമിംഗ് പാലിച്ചിരിക്കുന്നത് അതിഗംഭീരമായാണ്. അതുപോലെ തന്നെയാണ് ചിതറിത്തെറിക്കുന്ന എൻഡോസൾഫാൻ വിഷത്തുള്ളിയിൽ നിന്നും കൊക്കൂണിനെ രക്ഷപ്പെടുത്തുന്നതും. ചിലന്തിവല ഒരു തൊട്ടിലാക്കി അതിലേക്ക് കൊക്കൂണിനെ അറുത്തിടുന്നു. അവിടുന്നത് താഴേക്ക് വീഴുമ്പോൾ തികച്ചും നായകോചിതമായി ഇലകൾ കൊണ്ടതിനെ മൂടി സംരക്ഷിക്കാനുള്ള സാഹസശ്രമവും.

ലോകത്തെ വെട്ടിപ്പിടിക്കാനുള്ള കച്ചവട ത്വരയുടെ ആയുധമായും അതിനകത്തെ കുടിലതകളെ മറച്ചുവെക്കാനുള്ള പരിചയായും പുതിയൊരു ഭാഷ തന്നെ ഉല്പാദിപ്പിക്കപ്പെടുന്ന നമ്മുടെ കാലത്ത്, ഭാഷയ്ക്ക് വളരെ താഴെ മൂളലും ഞരങ്ങലുകളും മാത്രം പ്രകടനമാകുന്ന ഉറുമ്പുകളുടെയും ശലഭങ്ങളുടെയും വണ്ടുകളുടെയും പല്ലികളുടെയും നിശ്ശബ്ദ ലോകത്തെ വളരെ തന്മയത്വത്തോടെ സംഗീതത്തിന്റെ അകമ്പടിയിൽ ഈ സിനിമ അവതരിപ്പിക്കുന്നു. സിനിമയിലെ പ്രധാന കഥാപാത്രങ്ങൾ തമ്മിൽ സംഭാഷണങ്ങൾ ഇല്ല എന്നതും ഇവരുടെ ഭാവങ്ങൾ സംഗീതത്തിൽ ചാലിച്ച് അവതരിപ്പിക്കുന്നതിലൂടെ പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിൽ വിജയിക്കുന്നുവെന്നതുമാണ് ഇതിലെ പോസിറ്റീവ് ഘടകം. മനുഷ്യൻ കാലാകാലങ്ങളായി ന്യായീകരിക്കാൻ ശ്രമിക്കുന്ന സൂക്ഷ്മജീവജാലങ്ങളോടുള്ള നിരന്തരമായ അനീതികളെ ഈ സിനിമ നിശ്ശബ്ദമെങ്കിലും സധൈര്യം തുറന്നുകാട്ടുന്നു. ഇപ്രകാരം മനുഷ്യകേന്ദ്രിത കാഴ്ചപ്പാടുകളിൽ നിന്നു കച്ചവട പരതയുടെ പാപങ്ങളെ മാറ്റി സൂക്ഷ്മജീവീ കേന്ദ്രിത വീക്ഷണതലത്തിൽ ഒരേസമയം തന്നെ മനോഹരമായും മൂർച്ചയുള്ളതായും അവതരിപ്പിച്ച് മനുഷ്യന്റെ ഭാഗികാന്ധതയെ തിരുത്തുന്നു.

ഒരു സാധാരണ ചലച്ചിത്ര കൃതിയെ അപേക്ഷിച്ച് ആനിമേഷൻ ചിത്രങ്ങളിലെ കഥാപാത്രങ്ങളുടെ രൂപം, ചലനം, ചലനവേഗതാ തോത്, വർണ്ണം, വർണ്ണ വൈജാത്യം എന്നീ ഘടകങ്ങളും വളരെ പ്രധാനമാണ്. ഈ സിനിമയാകട്ടെ ഉറുമ്പുകൂട്ടങ്ങളുടെ ഭക്ഷണ സമാഹരണം, നൃത്തത്തറയിൽ നിറഞ്ഞു തുളുമ്പുന്ന വർണ്ണവൈവിധ്യം, വിഷമേറ്റ ഉറുമ്പുകളുടേയും മറ്റു ജീവജാലങ്ങളുടേയും പ്രാണനുവേണ്ടിയുള്ള പിടച്ചിൽ, നൃത്തത്തറ ശവപ്പറമ്പായി മാറുന്നത്, ഭീമാകാരനായ വിഷവാഹിയായ മനുഷ്യനെ കടന്ന് ശലഭവും ഉറുമ്പും മാനത്തേക്ക് പറന്നുപോവുന്നത് തുടങ്ങിയ ദൃശ്യാനുഭവങ്ങൾ കൊണ്ട് കാണികളെ ഉള്ളിൽ തൊടുന്നുണ്ട്. ഉറുമ്പിന്റെ നരയൻ ഫ്ളാഷ് ബാക്കും, ഇലത്തൊട്ടിലിൽ കിടത്തിയ കുഞ്ഞുങ്ങളുടെ വർണ്ണശബളമായ ഓർമ്മയും കാമുകിക്ക് സമ്മാനിച്ച പച്ചക്കുഴലും ഒക്കെ സിനിമയുടെ മാറ്റ് വർദ്ധിപ്പിക്കുന്നുമുണ്ട്.

റെയ്ച്ചൽ കാഴ്സൺ Silent spring ൽ നിരീക്ഷിച്ചതുപോലെ (സൂക്ഷ്മ ജീവജാലങ്ങളുടെ ലോകത്തോടുള്ള) നമ്മുടെ തലതിരിഞ്ഞ അനുപാത

*കാഴ്ച*



# കണ്ണ് എന്തിനാണ്?

**കെ.അരവിന്ദാക്ഷൻ**

തുലാമാസ സന്ധ്യയ്ക്ക് ചരമാവരണത്തിന്റെ നിറമാണ്. ജീവിതത്തിനും മരണത്തിനുമിടയിലെ നിറം. ഞൊടിയിടയിൽ മായുന്നത്. ജീവിതത്തിന്റെ നശ്വരഭാവം അത് ബോധ്യപ്പെടുത്തുന്നു. അതെന്റെ ജീവിതത്തിന്റെ നിറമാണ്. എന്റെ വസ്ത്രങ്ങൾ അത്തരം നിറങ്ങളുടേതാകാൻ ഞാൻ ശ്രദ്ധിക്കാറുണ്ട്.

മനുഷ്യൻ തനിക്ക് ഇഷ്ടമുള്ള നിറങ്ങൾ കണ്ടെത്തുന്നത് പ്രകൃതിയിൽ നിന്നാണ്. പ്രകൃതിയിൽ ഇല്ലാത്ത ഒരു നിറം പോലും മനുഷ്യന്റെ കിനാവിൽ പോലും ഉണ്ടാകാനിടയില്ല. നിറങ്ങളോടുള്ള ഒരു വ്യക്തിയുടെ അടുപ്പത്തിൽ നിന്ന് അയാളുടെ/അവളുടെ മനസ്സും സ്വഭാവവും വായിച്ചെടുക്കാനാവും.

ഒരാളിന് ഇഷ്ടമാകുന്ന നിറം മറ്റൊരാളിന് ഇഷ്ടമാകണമെന്നില്ല. പ്രകൃതിയിൽ ഓരോ നിറവും മാറിക്കൊണ്ടിരിക്കും, നിമിഷം പ്രതി. ഒരു വ്യക്തി തന്റെ നിറം അവിടെ എവിടെ നിന്നോ കണ്ടെത്തുന്നു. ഭൂമിശാസ്ത്രവും കാലാവസ്ഥയും മനുഷ്യനിൽ സ്വാധീനം ചെലുത്തുന്നുണ്ട്, തന്റെ നിറം തിരഞ്ഞെടുക്കുന്നതിൽ. രാജസ്ഥാൻ മരുഭൂമിയിൽ ജീവിക്കുന്ന ഒരു പെൺകുട്ടി ഇഷ്ടപ്പെടുന്ന നിറമായിരിക്കില്ല, ആലപ്പുഴ കടലോരത്ത് പാർക്കുന്ന പെൺകുട്ടിക്കിഷ്ടമാവുക.

പ്രകൃതിയുടെ വൈവിധ്യമാർന്ന നിറക്കൂട്ടുകളില്ലെങ്കിൽ ഭൂമിയിൽ മനുഷ്യൻ നിറങ്ങളെ പറ്റി അറിയുമായിരുന്നില്ല. ജലവും കാറ്റും മേഘങ്ങളും അഗ്നിയും നിറങ്ങളുടെ ഉത്ഭവകേന്ദ്രങ്ങളാണ്. അവയുടെ സമന്വയത്തിൽ പല നിറങ്ങൾ ആവിർഭവിക്കുന്നു. മണ്ണും ജീവജാലങ്ങളും അതിന്റെ ഭാവങ്ങളാണ്.

പ്രകൃതിയെ ജീവത്താക്കുന്നത്, ജൈവത്താക്കുന്നത് നിറങ്ങളാണ്. പ്രകൃതിയുടെ ദൈവികമായ കാല്പനിക ഭാവങ്ങളാണ് നിറങ്ങൾ. തൊടിയിൽ വീണുകിടക്കുന്ന അടയ്ക്കയുടെ മനോഹരമായ നിറം ശ്രദ്ധിച്ചിട്ടുണ്ടോ? പ്രഭാതത്തിൽ കാണുന്ന സൂര്യപുത്രിയെപ്പോലെയാണത്. ചെമ്പിന്റെ തുടുപ്പ്, തീയിന്റെ ചെമപ്പ്,..... സൂര്യനും അടയ്ക്കയും തമ്മിൽ ബന്ധമുണ്ട്. എനിക്ക് തോന്നിയിട്ടുണ്ട്, സൂര്യൻ ഞെട്ടറ്റ് മണ്ണിൽ വീണു കിടക്കുകയാണെന്ന്, അടയ്ക്ക കാണുമ്പോൾ. ഓടിച്ചെന്ന്, അതെടുത്ത് കൈവെള്ളയിൽ വെച്ച്, ഞാനതിനെ തലോടും. എങ്ങിനെയാണ് കുഞ്ഞേ, നീ വീണുപോയത്? പതുക്കെ, പതുക്കെ, അതെന്നെ ചരമാവരണത്തിന്റെ നിറത്തിലേക്ക് കൊണ്ടുപോകും.

ജന്മനാ അന്ധനായവരിൽ ഏത് നിറമായിരിക്കും സ്ഥായിയായി ഉണ്ടായിരിക്കുക? ഇരുട്ടിന്റെ നിറമായിരിക്കും പുറംകണ്ണിൽ. പ്രകൃതിക്ക് അകത്തേക്ക് വഴികളുണ്ട്. ഹൃദയവും, പ്രകൃതിയിലെ നിറങ്ങളും തമ്മിൽ സംവാദത്തിലേർപ്പെടുന്നത് ഈ വഴികളിലൂടെയാണ്. എങ്കിൽ അവരിലും നിറങ്ങൾ ഉണ്ടായിരിക്കേണ്ടതല്ലേ? കണ്ണ് മനുഷ്യന് എന്തിനാണ്? ഹൃദയത്തിന് പുറംകണ്ണുകൾ ആവശ്യമാണോ? ഒന്ന് തീർച്ചയാണ്, കണ്ണ് അന്ധമാകുമ്പോൾ ഒരുവൻ പ്രകൃതിയെ ഹൃദയത്തിലൂടെ കാണുന്നുണ്ട്. ധ്യാനസ്ഥനായ ഒരാൾ ഹൃദയത്തിലൂടെ പ്രകൃതിയെ തിരിച്ചറിയുന്നതുപോലെ. അങ്ങനെയെങ്കിൽ വർണ്ണങ്ങൾക്കോ അവ സാധ്യമാകുന്ന ഇന്ദ്രിയസുഃഖങ്ങൾക്കോ സ്ഥാനമുണ്ടാകില്ലല്ലോ. എങ്കിൽ കണ്ണില്ലാത്തവരിൽ ഇന്ദ്രിയ ചലനങ്ങൾ പാടില്ലല്ലോ! പക്ഷേ അവരും ഇന്ദ്രിയങ്ങൾക്ക് അടിമപ്പെടുന്നുണ്ട്. അപ്പോൾ പ്രധാനമായത് പുറംകണ്ണുണ്ടെങ്കിലും ഇല്ലെങ്കിലും, ഹൃദയത്തിൽ നിന്ന് പ്രകൃതിയെന്ന ഉണ്മയിലേക്കുള്ള മാർഗ്ഗമാണ്. പ്രകൃതിയിൽ നിന്ന് ഹൃദയത്തിലേക്കും.

*കണ്ണ് അന്ധമാകുമ്പോൾ ഒരുവൻ പ്രകൃതിയെ ഹൃദയത്തിലൂടെ കാണുന്നുണ്ട്. ധ്യാനസ്ഥനായ ഒരാൾ ഹൃദയത്തിലൂടെ പ്രകൃതിയെ തിരിച്ചറിയുന്നതുപോലെ.*

---

....... ***'My Home is green'***


ബോധത്തെ കുറിച്ചോർത്ത് വരുംകാല ചരിത്രകാരൻമാർ അത്ഭുതം കൂറും. എങ്ങനെയാണ് ബുദ്ധിശാലികളായ ജീവികളായ മനുഷ്യർ തങ്ങൾക്കനാവശ്യമെന്നു തോന്നുന്ന ജീവിവർഗ്ഗങ്ങളെ നിയന്ത്രിക്കാനായി മാത്രം മൊത്തം പരിസ്ഥിതിയെ വിഷമയമാക്കുന്ന, സ്വന്തം വർഗ്ഗത്തിലേക്ക് രോഗങ്ങളും മരണവും ക്ഷണിച്ചു വരുത്തുന്ന ഒരു രീതിയായ- കീടനാശിനി പ്രയോഗിക്കുക. കൃത്യമായും ഈ മഹാബദ്ധമാണ് നമ്മൾ ഇന്ന് ചെയ്യുന്നത്.

കാണക്കാണെ നര കീഴടക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ ഹരിതഗ്രഹത്തിലെഅവശേഷിക്കുന്ന പച്ചത്തുരുത്തുകളുടെ ചെറുമർമ്മരമായി *പച്ചിലക്കൂട്* മാറുന്നുണ്ട്. 'My Home is green'- എന്റെ വീട് പച്ചയാണെന്ന സിനിമയുടെ തന്നെ ടൈറ്റിലിനെ 'Green is my home'-ഹരിതമാണെൻ കൂട് എന്ന് സിനിമ തിരുത്തുന്നു, പഠിപ്പിക്കുന്നു. ഒപ്പം മലയാള ആനിമേഷൻ സിനിമയുടെ കരുത്തുറ്റ ഒരു തുടക്കവും വാഗ്ദാനവുമായി തീരുന്നുണ്ട് *പച്ചിലക്കൂട്.*

*മണ്ണ്*



*ഫലഭൂയിഷ്ഠമായ ഒരു ഹെക്ടർ മണ്ണ് എവിടെ നിന്നെടുത്ത് പരിശോധിച്ചാലും അതിൽ ഏറ്റവും കുറഞ്ഞത് നട്ടെല്ലില്ലാത്ത 3000 ലക്ഷം ചെറിയ ജീവികളുണ്ടാവും. ചെള്ളുകളും അട്ടകളും വിരകളും വണ്ടുകളും കുഞ്ഞുകുഞ്ഞു പ്രാണികളും മറ്റും മറ്റും. കേവലം 30 ഗ്രാം നല്ല മണ്ണിൽ ഒരൊറ്റ തരത്തിലുള്ള ബാക്ടീരിയ മാത്രം ഒരു ദശലക്ഷത്തിൽപ്പരമുണ്ടാകും. ഒരു ലക്ഷത്തിൽപ്പരം യീസ്റ്റ് കോശങ്ങളും 50,000 തരം പൂപ്പലുകളും ലൈക്കനുകളുമൊക്കെ മണ്ണിനെ മണ്ണാക്കാനുണ്ടാവും*



ഇന്ദിര സോളാർ കുക്കറിന്റെ നിർമ്മാണത്തിൽ

# നിരക്ഷരനായ ആർകിടെക്റ്റ് നിർമ്മിച്ച കാമ്പസ്സ്

*രാജസ്ഥാൻ യാത്ര*

**അബ്ദുള്ളക്കുട്ടി എടവണ്ണ**

ബെയർ ഫൂട്ട് കോളേജിൽ (B.F.C) ഞങ്ങളുടെ ആതിഥേയനും ഗൈഡും രാം നിവാസ് ആയിരുന്നു. 46 കാരനായ അദ്ദേഹം മികച്ച ഒരു പാവകളി കലാകാരനും BFC കമ്മ്യൂണിറ്റി റേഡിയോയുടെ അമരക്കാരനുമാണ്. താഴ്ന്ന ജാതിയിൽ ജനിച്ചതിന്റെ പേരിൽ ഒട്ടേറെ അപമാനങ്ങളും അവഗണനകളും അനുഭവിച്ചറിഞ്ഞ രാംനിവാസിനെ BFC യിലേക്കെത്തിച്ചത് അവിടത്തെ വിഭാഗീയതകളില്ലാത്ത കൂട്ടു ജീവിതത്തിന്റെ ആകർഷണീയതയാണ്. രാജസ്ഥാൻ ഗ്രാമങ്ങളിൽ ജാതിചിന്ത ഇപ്പോഴും ശക്തമാണ്. താഴ്ന്ന ജാതിക്കാരനായതുകൊണ്ട് തനിക്ക് തലമുടി വെട്ടിത്തരാൻ ബാർബർമാർ തയ്യാറല്ലാത്തതുകൊണ്ട് ഇപ്പോഴും സ്വയം മുടിവെട്ടുകയാണെന്ന് അദ്ദേഹം പറഞ്ഞു.

രാംനിവാസ് ഞങ്ങളോട് ആത്മാർത്ഥമായി ഇടപെട്ടു. ഓരോ ഡിപ്പാർട്മെന്റും കൊണ്ടുനടന്ന് കാണിച്ചു. എല്ലാവർക്കും ഞങ്ങളെ പരിചയപ്പെടുത്തി. രാം നിവാസിന്റെ നേതൃത്വത്തിൽ നടക്കുന്ന മികച്ചൊരു പാവനാടക തീയേറ്റർ അവിടെയുണ്ട്. രാജസ്ഥാനിലെ ഒരു തനതു കലാരൂപമാണ് പാവകളി. ഗ്രാമീണ കലാകാരൻമാരെ പരിശീലിപ്പിച്ച് രൂപവൽക്കരിച്ച ഒന്നാന്തരം സംഘമാണ് B.F.C യുടേത്. ജാതിചിന്തയ്ക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ ജനപ്രിയ കലാരൂപമായി ഇവർ പാവനാടകങ്ങൾ അതരിപ്പിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ നിന്നുവന്ന ശാസ്ത്ര സാഹിത്യ പരിഷത് പ്രവർത്തകർക്ക് വർഷങ്ങൾക്കുമുമ്പ് B.F.C യിൽ നിന്ന് പാവകളി പരിശീലനം നൽകിയ കാര്യം രാംനിവാസ് പറഞ്ഞു.


അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന BFC കമ്മ്യൂണിറ്റി റേഡിയോക്ക് ഗ്രാമീണർക്കിടയിൽ നല്ല പ്രചാരമുണ്ട്.

BFC യുടെ പുതിയ ക്യാമ്പസ്സ് മനോഹരമാണ്. ബാൻവർ എന്ന നിരക്ഷരനായ ഗ്രാമീണനാണ് ഈ ക്യാമ്പസ്സിന്റെ ആർകിടെക്റ്റ്. കാഴ്ചയിൽ സുന്ദരവും ഉറപ്പുള്ളതും, ചിലവു കുറഞ്ഞ പരമ്പരാഗത സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി നിർമ്മിച്ച ഈ ക്യാമ്പസ്സിന്റെ ശിൽപി എഴുത്തും വായനയും അറിയാത്ത ഒരാളാണെന്ന കാര്യം ആരെയും അത്ഭുതപ്പെടുത്തും. നിർമ്മാണം പൂർത്തി യാക്കിയ ശേഷം ഇതിന്റെ ചിലവുകളുടെ കണക്കുകൾ പരിശോധിച്ചറിഞ്ഞ പേര് കേട്ട എഞ്ചിനീയർമാർ അത്ഭുതപ്പെടുകയും ഇത്രയും കുറഞ്ഞ ചിലവിൽ തങ്ങൾക്കൊരിക്കലും സാധ്യമല്ലാത്ത കാര്യമാണ് ബാൻവർ ചെയ്തതെന്നും പറഞ്ഞുവത്രെ.

മികച്ച ആർക്കിടെക്ച്ചറിനുള്ള ആഗാഖാൻ അവാർഡ് BFC യുടെ ഈ ക്യാമ്പസ്സ് കരസ്ഥമാക്കുകയും ചെയ്തു. ഇതിനകം ഏതാനും വിദേശരാജ്യങ്ങളിൽ ആർക്കി ടെക്റ്റുമാർക്ക് ക്ലാസ്സെടുക്കാൻ ഗസ്റ്റ് ലക്ചറായി ബാൻവർ എന്ന ഗ്രാമീണൻ ക്ഷണിക്കപ്പെട്ടു. ഡൽഹിയിൽ ഒരിക്കൽ ആർകിടെക്റ്റ് വിദ്യാർത്ഥികളുടെ സെമിനാറിൽ ബാൻവർ പങ്കെടുത്ത കാര്യം രാംനിവാസ് വിവരിച്ചു. മുഖ്യാതിഥിയായി വന്നയാളുടെ ഗ്രാമീണമായ വേഷം കണ്ട് മതിപ്പു തോന്നാതെ അശ്രദ്ധരായിരുന്ന പരിഷ്കാരി കൾക്കു മുമ്പിൽ ബാൻവറിന്റെ 'പ്രൊഫൈൽ' അവതരിപ്പിക്കപ്പെട്ടതോടെ സദസ്സ് പൂർണ്ണ നിശ്ശബ്ദമായി. ബാൻവറിന്റെ വാക്കുകൾക്ക് കാതോർത്തു. ബാൻവർ എന്ന ആ വലിയ മനുഷ്യനെ രാംനിവാസ് ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്നു.

BFC യിൽ നിലത്തിരുന്നാണ് മിക്ക പ്രവൃത്തികളും ചെയ്യുന്നത്. ഓഫീസിലെ എഴുത്തുകുത്തുകളും കമ്പ്യൂട്ടർ ഉപയോഗവും ഡോക്ടറുടെ പരിശോധനയുമെല്ലാം തറയിലിരുന്നാണ്. ചെറിയ എഴുത്തുമേശ യുണ്ടെന്നു മാത്രം. കാന്റീനിലെ ഭക്ഷണം കഴിപ്പും തറയിലിരുന്നു തന്നെ. പാത്രങ്ങൾ അവരവർ തന്നെ കഴുകുകയും വേണം. രാഷ്ട്രപതിയായിരുന്ന എ.പി.ജെ.അബ്ദുൽ കലാമിന്റെ സന്ദർശനവേളയിലും തിബറ്റൻ ആത്മീയാചാര്യൻ ദലൈലാമയുടെ സന്ദർശനവേളയിലും അവരെല്ലാം കാന്റീനിൽ തറയിലിരുന്ന് ഭക്ഷണം കഴിച്ചതും പാത്രങ്ങൾ കഴുകിയതും രാംനിവാസ് വിവരിച്ചു.

രാജസ്ഥാനിൽ അജ്മീറിന്റെ പ്രാന്തപ്രദേശങ്ങൾ തൊട്ട് മരുപ്രദേശങ്ങൾ തുടങ്ങുന്നുണ്ട്. ഈ ഊഷരതയിൽ മരങ്ങൾ നട്ട്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഒരു മരുപ്പച്ചയ്ക്ക് ജീവൻ നൽകിയിരിക്കുകയാണ് BFC. പരമ്പരാഗത ജലസംരക്ഷണരീതികൾ വികസിപ്പിച്ച് ഒരു



കവിത

# പുഞ്ചിരി

മാരിയൻ ടിപ്പ്

എന്റെ പുഞ്ചിരി എനിക്കു നഷ്ടമായി
പക്ഷേ ഞാനതിൽ വിഷമിക്കുന്നില്ല.
എന്റെ പുഞ്ചിരി ജമന്തിപ്പൂവിലുണ്ട്.

*വിവ: എലിസബത്ത് കോശി*

---

തുള്ളി മഴവെള്ളം പോലും പാഴാക്കാതെ ഇവിടെ നീരുറവകൾ വീണ്ടെടുത്തിരിക്കുന്നു.

പൂർണ്ണമായും സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരണം നടത്തിയ ക്യാമ്പസ്സാണ് BFC. 50 കിലോവാട്ട് സോളാർ മൊഡ്യൂൾ ഉപയോഗിച്ച് 500 ബൾബുകളും 100 ഫാനുകളും 50 കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഫോട്ടോകോപ്പി മെഷീനും മിനി ടെലിഫോൺ എക്സ്ചേഞ്ചും ആശുപത്രിയും ഡെന്റൽ ക്ലിനിക്കും ലാബും ലൈബ്രറിയും കരകൗശല നിർമ്മാണശാലയും വിപണനകേന്ദ്രവും എല്ലാം പ്രവർത്തിക്കുന്നു.

സൗരോർജ്ജം ഉപയോഗപ്പെടുത്തി ഊർജ്ജ മേഖലയിൽ സ്വാശ്രയത്വത്തിന്റെ മാതൃകകൾ സൃഷ്ടിക്കുകയും അതുവഴി ഗ്രാമീണരെ സ്വയം പര്യാപ്തമാക്കുകയും ചെയ്യുകയെന്ന മഹത്തായ ലക്ഷ്യം പ്രയോഗത്തിൽ വരുത്തിയതിന്റെ വിജയഗാഥകൾ പറയാനുണ്ട് ഈ ക്യാമ്പസ്സിന്.

നിരവധി ഇന്ത്യൻ ഗ്രാമങ്ങളെ സോളറൈസ് ചെയ്യാൻ BFC മുൻകയ്യെടുത്തു.

വനിതകളുടെ നേതൃത്വത്തിൽ നടക്കുന്ന അതിശയിപ്പിക്കുന്ന ഒരു സൗരോർജ്ജ ഉപകരണത്തിന്റെ നിർമ്മാണ യൂണിറ്റ് ഇവിടെയുണ്ട്. 'പരാബോളിക് സോളാർ കുക്കർ നിർമ്മാണശാല', സൗരോർജ്ജം ഉപയോഗപ്പെടുത്തുന്ന നൂതന സാങ്കേതികവിദ്യ എന്നതിനപ്പുറം സ്ത്രീ ശാക്തീകരണത്തിന്റെ ഉദാത്ത തലം പ്രദർശിപ്പിക്കുന്ന സംരംഭമാണ്. ഇന്ദിര, സീത, ശ്യാമ, ഷഹനാസ്, കമല തുടങ്ങിയ വനിതകളുടെ നേതൃത്വത്തിൽ ഈ യൂണിറ്റ് പൂർണ്ണമായും സ്ത്രീകളുടെ ഉത്തരവാദിത്തത്തിലും പങ്കാളിത്ത ത്തിലുമാണ് നടക്കുന്നത്.

2.5 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഈ പരാബോളിക് സോളാർ കുക്കറിനുമുണ്ട് പുതുമകൾ. പകൽ നേരത്ത് ഉപയോഗിക്കാവുന്ന ചിലവ് കുറഞ്ഞ പരിസ്ഥിതി സൗഹാർദ്ദപരമായ ഉപകരണമാണിത്. സൂര്യന്റെ ഗതിക്കനുസരിച്ച്, സ്റ്റാന്റിൽ ഫിറ്റുചെയ്ത സ്വയം കറങ്ങുന്ന കണ്ണാടി ചില്ലുകൾ പതിച്ച ഒരു പരാബോളിക് പ്രതലം ആണ് ഈ ഉപകരണത്തിന്റെ പ്രധാനഭാഗം. പുറത്ത് തുറന്ന സ്ഥലത്ത് വെയ്ക്കുന്ന ഈ ഉപകരണത്തിൽ പതിക്കുന്ന സൂര്യപ്രകാശം പ്രതിഫലിച്ച് മുമ്പിൽ ഫിറ്റുചെയ്ത പാത്രത്തിലേക്ക് കേന്ദ്രീകരിക്കുന്നു. ശക്തമായ ഈ സൂര്യപ്രകാശമേറ്റ് പാത്രം ചൂട് പിടിക്കുന്നു. പാത്രത്തിൽ ഇട്ട് എന്തും വേഗത്തിൽ വേവിക്കാവുന്ന ലളിതമായ ഒരുപകരണം.

ഈ ഉപകരണത്തിന്റെ നിർമ്മാണവേളയിലെ ഇരുമ്പ് മുറിക്കലും വളയ്ക്കലും വെൽഡ് ചെയ്യലും തുടങ്ങി എല്ലാ ഫാബ്രിക്കേഷൻ വർക്കുകളും സ്ത്രീകൾ തന്നെ ചെയ്യുന്നു. ഏകദേശം 13,000 രൂപയോളം ചിലവ് വരുന്ന കുക്കർ കാശ്മീരിലടക്കം സ്ഥാപിക്കാൻ ഈ വനിതകൾ തന്നെ മുന്നോട്ട് വന്നിട്ടുണ്ട്. 2003 ൽ ജർമ്മനിയിൽ നിന്ന് ചില വിദഗ്ധരെ കൊണ്ടുവന്നാണ് ഈ വനിതകൾക്ക് ഇതിന്റെ നിർമ്മാണ രീതികൾ പരിശീലിപ്പിച്ചത്. ജർമ്മൻ ഭാഷാ മാത്രമറിയുന്ന എഞ്ചിനീയർമാർ രാജസ്ഥാനി ഭാഷ മാത്രമറിയുന്ന ഗ്രാമീണ വനിതകളെ പരിശീലിപ്പിച്ചെടുക്കുകയായിരുന്നു. ഭാഷകൾക്കതീതമായ ഒരു പഠനത്തിന്റ സാധ്യതയാണ് ഇത് തുറന്നുവെച്ചത്.

(തുടരും)



*കൽപ്പവൃക്ഷങ്ങൾ*

**മണ്ണൊലിപ്പ് തടയൽ, കരകളെ സംരക്ഷിക്കൽ, ജീവികൾക്കും പക്ഷികൾക്കും അഭയം നൽകൽ, പ്രജനന കേന്ദ്രമാകൽ, വേനൽക്കാലത്തെ ജലം സംഭരിക്കൽ, കർഷകർക്ക് പലതരത്തിൽ ഉപകരിക്കൽ തുടങ്ങി നിരവധി പരിസ്ഥിതി സാമൂഹ്യ ധർമ്മങ്ങൾ നിർവ്വഹിച്ച് ഒരു ഗ്രാമത്തിന്റെ അഭയമായിരുന്ന കൈതക്കാടുകൾ ഇന്ന് മിക്കയിടങ്ങളിലും അപ്രത്യക്ഷമായിരിക്കുന്നു.**

# കൈത അന്യമാകുന്ന ഒരു കൽപ്പവൃക്ഷം

**ജയപ്രകാശ് നിലമ്പൂർ**

തോടരുകിലും പുഴയോരത്തും സമൃദ്ധമായി കണ്ടുവന്നിരുന്ന കൈത എക്കാലത്തും ഗ്രാമീണ മേഖലകളിൽ കർഷകരുടെ ഉറ്റ സുഹൃത്തായിരുന്നു. നമ്മുടെ നാടൻ പാട്ടുകളിലും ചൊല്ലുകളിലും കഥകളിലും ചലച്ചിത്ര ഗാനങ്ങളിൽ പോലും കൈതയ്ക്കും സ്ഥാനമുണ്ട്. എന്നാൽ വികസനത്തിന്റെ പേരിൽ തോടരുകിലെ കൈതക്കാടെല്ലാം വെട്ടിക്കളഞ്ഞ് കോൺക്രീറ്റിട്ട് സുന്ദരമാക്കിയ (?) തോട്ടിലിന്ന് തോടിനും കൃഷിയിടത്തിനും കാവലാളായിരുന്നവരെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. നീർപറവകളും കീരിയും ചേരയും കുറുക്കനും തേളും ആമയും തുമ്പിയും ജീവിച്ചുപോന്ന ആവാസവ്യവസ്ഥയിൽ ഇപ്പോൾ മത്സ്യങ്ങൾ പോലുമില്ല. ഒഴുക്കുവെള്ളം ശുദ്ധീകരിച്ചിരുന്ന നീർകൂവ്വയും തുവ്വയും ചുരുളിയുമെല്ലാം തീർത്തും ഇല്ലാതായിരിക്കുന്നു.

മണ്ണൊലിപ്പ് തടയൽ, കരകളെ സംരക്ഷിക്കൽ, ജീവികൾക്കും പക്ഷികൾക്കും അഭയം നൽകൽ, പ്രജനന കേന്ദ്രമാകൽ, വേനൽക്കാലത്തെ ജലം സംഭരിക്കൽ, കർഷകർക്ക് പലതരത്തിൽ ഉപകരിക്കൽ തുടങ്ങി നിരവധി പരിസ്ഥിതി സാമൂഹ്യ ധർമ്മങ്ങൾ നിർവ്വഹിച്ച് ഒരു ഗ്രാമത്തിന്റെ അഭയമായിരുന്ന കൈതക്കാടുകൾ ഇന്ന് മിക്കയിടങ്ങളിലും അപ്രത്യക്ഷമായിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതി കൈതക്കാടുകളുടെ നാശം പൂർണ്ണമാക്കി കഴിഞ്ഞു. പല ഗ്രാമ പഞ്ചായത്തുകളുടെയും പ്രധാന വികസന നേട്ടങ്ങളിലൊന്ന് തോടുകളെല്ലാം "വൃത്തിയാക്കി" കോൺക്രീറ്റ് തോടുകളാക്കി എന്നതാണ്!

കൈതയെ ഒരു വിഭവമായി വികസന പ്രക്രിയയിൽ കാണാൻ കഴിയാത്ത നാം ഇതൊരു കൽപ്പവൃക്ഷമാണെന്ന കാര്യം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ഗ്രാമീണ തലത്തിൽ ഒട്ടേറെ ഉപയോഗങ്ങളുണ്ടായിരുന്ന കൈതയുടെ ചില വിനിയോഗ രീതികൾ താഴെ ചേർക്കുന്നു.

-കൈതയോല കൊണ്ട് പായ കളിപ്പാട്ടങ്ങൾ, കൗതുക വസ്തുക്കൾ എന്നിവ ഉണ്ടാക്കുന്നു.
-കൈതയോല വീടുമേയാനും തൊപ്പിയുണ്ടാക്കാനും കുട്ടയും വട്ടിയുമുണ്ടാക്കാനും ഉപയോഗിക്കുന്നു.
-പൂവ് അലങ്കാരത്തിനും കായ ആഹാരത്തിനും, കളിപ്പാട്ടങ്ങളും അലങ്കാരവസ്തുക്കളും നിർമ്മിക്കാനും ഉപയോഗിക്കുന്നു.
-പൂവിൽ നിന്ന് അത്തർ ബാഷ്പീകരിച്ചെടുക്കുന്നു. പൂവിൽ നിന്നെടുക്കുന്ന കേരാകിനീര് ഭക്ഷ്യവസ്തുക്കളിൽ മണം ചേർക്കുന്ന വസ്തുവുണ്ടാക്കാനും സിറപ്പിനും ഉപയോഗിക്കുന്നു.
-കൈതയുടെ ഇളം തളിരുകളും മുളകളും മൊട്ടും പച്ചയ്ക്കോ വേവിച്ചോ കഴിക്കുന്നവരുണ്ട്.
-താങ്ങുവേരും തണ്ടും ഉപയോഗിച്ച് ബ്രഷ് ഉണ്ടാക്കാറുണ്ട്.
-പഞ്ചസാര, കാപ്പി, ധാന്യം എന്നിവ നിറയ്ക്കാനായുള്ള ചാക്ക് കൈതയോലയുടെ നാരുകൊണ്ടാണ് പല ഏഷ്യൻ രാജ്യങ്ങളിലും ഉണ്ടാക്കുന്നത്. മൗറീഷ്യസിൽ ഇതിനായി ഒരു തെരുവു തന്നെയുണ്ടത്രേ!
-വേരുകൊണ്ട് കുട്ടയും, ഇലകൾ കൊണ്ട് നിരവധി കരകൗശല ഉല്പന്നങ്ങളും നിർമ്മിക്കുന്ന നിരവധി കുടുംബശ്രീ യൂണിറ്റുകൾ കേരളത്തിൽ പലയിടത്തും പ്രവർത്തിച്ചുവരുന്നുണ്ട്.
-ചെവി വേദന, തലവേദന, രക്തദൂഷ്യം എന്നിവയ്ക്ക് പരിഹാരമായി കൈതയുടെ പൂമ്പൊടി വൈദ്യൻമാർ വളരെക്കാലമായി ഉപയോഗിച്ചുവരുന്നു. അസ്ഥിവാതത്തിനു കേതക്യാതി തൈലം വാറ്റിയെടുത്ത് ഉപയോഗിക്കാറുണ്ട്. വസൂരി, ത്വക്ക് രോഗങ്ങൾ, ഹൃദയരോഗങ്ങൾ ഹേമറേജ് എന്നിവയ്ക്ക് ചികിത്സിക്കുമ്പോൾ കൈതപ്പൂ ഉപയോഗിക്കാറുണ്ട്.
-പുഴുക്കടിക്കും താരനുമെതിരെ കൈതയോല ഉപയോഗിച്ചുള്ള ചികിത്സാരീതികളുണ്ട്.

ഇനി പറയൂ.. കൈതക്കാടുകൾ വെട്ടിനശിപ്പിക്കേണ്ടവയാണോ? ഗ്രാമീണ ജൈവ വൈവിധ്യത്തിന്റെ സമ്പന്ന കേന്ദ്രങ്ങളായ ഇത്തരം ഗ്രാമീണ അഭയാരണ്യങ്ങൾ മുന്തിയ പരിഗണന നൽകി സംരക്ഷിക്കാനുള്ള അവബോധമാണ് നമുക്ക് വേണ്ടത്. നിങ്ങളുടെ നാട്ടിൽ ഇനി എവിടെയെല്ലാം കൈതക്കാടുകൾ അവശേഷിക്കുന്നുണ്ട്? അവ സംരക്ഷിക്കാൻ എന്തുചെയ്യാനാവും?

*(അവലംബം: ഇടനാടൻ കുന്നുകൾ-ഒരു പാരിസ്ഥിതിക സമീപനം: സീക്ക് കണ്ണൂർ: പേജ് 38,39)*

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു

# വിഷാദപ്പെരുമഴയിൽ ഒരു കുട

ട്യൂട്ടോറിയൽ കോളേജിലെ അധ്യാപന കാലഘട്ടത്തിന്റെ വസന്ത ദിനങ്ങളിലൊന്ന്. വൈകുന്നേരം വരെയുള്ള ക്ലാസുകളെല്ലാം തീർത്ത് കുട്ടികൾ പോയിക്കഴിഞ്ഞതിനുശേഷം ബെഞ്ചും ഡെസ്കും മാറ്റിയിട്ട് ക്ലാസ് മുറികളുടെ ചില പുന:ക്രമീകരണങ്ങൾ നടത്തുകയായിരുന്നു ഞങ്ങൾ. അതും തീർത്ത് കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ചുള്ള ചർച്ചകളിൽ മുഴുകി പുറത്തേക്കിറങ്ങുമ്പോൾ മാനമിരുണ്ട് ഒരു മഴ പെയ്യാനുള്ള ഒരുക്കത്തിലായിരുന്നു. തിടുക്കത്തിൽ ഞങ്ങൾ നടന്നു. മഴ പൊടുന്നനെ തകർത്തുപെയ്തു തുടങ്ങി ഞങ്ങൾ മൂവരുടെയും കയ്യിൽ കുടയില്ല. റോഡുവക്കിലെ പഴയ ഒഴിഞ്ഞ കെട്ടിടത്തിന്റെ വരാന്തയിലേക്ക് ഞങ്ങൾ ഓടിക്കയറി. മഴക്ക് ശക്തി കൂടി. ഇരുട്ട് കനത്തുവന്നു. ഇടയ്ക്ക് തെളിയുന്ന മിന്നൽ വെളിച്ചത്തിൽ പെയ്തുവീഴുന്ന മഴവെള്ളത്തിന്റെ പ്രളയപ്രവാഹം റോഡിൽ കാണുന്നു. മഴ നീളുന്ന ലക്ഷണമാണ്. ഞങ്ങൾ വരാന്തയുടെ മൂലയിലെ തിണ്ണമേൽ ഇരുന്നു. ഞങ്ങൾക്കിടയിൽ മഴയുടെ തണുപ്പിനോടൊപ്പം ഒരു വിഷാദഭാവം ഉരുണ്ടുകൂടിയപോലെ. സുഹൃത്ത് പറഞ്ഞു: "എത്ര കാലമായി ഈ ട്യൂട്ടോറിയൽ ഏർപ്പാട് തുടങ്ങിയിട്ട്. ഇതിൽ നിന്നൊരു രക്ഷപ്പെടൽ എന്നാണാവോ? എന്റെ കൂടെ പഠിച്ച പലരും ഡോക്ടർമാരും എഞ്ചിനീയർമാരുമൊക്കെയായി... ഞാനിപ്പോഴും കുട്ടികളെ പഠിപ്പിച്ച് തൊണ്ടപൊട്ടി കാലം തീർക്കുമെന്നാണ് തോന്നുന്നത്...!" മഴയിൽ നിന്ന് കേറിനിന്ന ഞങ്ങളിൽ വിഷാദപ്പെരുമഴ പെയ്യുകയാണ്. ഞങ്ങൾ ഓരോരുത്തരും പരസ്പരം സ്വന്തം ദുരവസ്ഥകൾ പങ്കുവെച്ചു. പറയാനുള്ളത് ഒരേ കാര്യം. മറ്റൊരു മെച്ചപ്പെട്ട തൊഴിലും കിട്ടാത്തതുകൊണ്ട് ചെയ്യുന്ന തൊഴിലിന്റെ മടുപ്പ്. കഷ്ടപ്പാടുകൾ....! അന്നേരം ഞങ്ങളുടെയാരുടേയും മനസ്സിൽ ചെയ്യുന്ന തൊഴിലിന്റെ നന്മകളൊന്നും തെളിഞ്ഞുവന്നതേയില്ല. പറയുന്നതെല്ലാം നെഗറ്റീവ് ചിന്തകൾ മാത്രം. ചില നേരങ്ങൾ അങ്ങനെയാണല്ലോ. ഒരാളിൽ നിറഞ്ഞ വിരസതയും വിഷാദവും വളരെയെളുപ്പം അടുത്തിരിക്കുന്നവരിലേക്ക് പടർന്നുപിടിക്കും. അവരുടെയുള്ളിലും നെഗറ്റീവ് ചിന്തകൾ ഉണ്ടെങ്കിൽ എളുപ്പത്തിൽ അത് ആളിപ്പടരുകയും ചെയ്യും. തോരാതെ പെയ്യുന്ന ആ പെരുമഴയിൽ നേരം കടന്നുപോകുന്നത് അറിയാതെ ഞങ്ങൾ ദു:ഖങ്ങൾ പങ്കുവെച്ചുകൊണ്ടിരിക്കുകയാണ്.

അപ്പോഴാണ് ഇരുട്ടിലൂടെ മഴയത്ത് ആരോ കുടചൂടി ഞങ്ങളുടെ നേരെ വരുന്നത് കാണുന്നത്. അവർ ഞങ്ങൾ നിൽക്കുന്ന വരാന്തയിലേക്ക് കുടയുമായി കേറി. നോക്കുമ്പോൾ ഞങ്ങളുടെ ഒരു വിദ്യാർത്ഥിനിയാണ്. കൂടെ അവളുടെ അനിയത്തിയും. രണ്ടുപേരുടെ കയ്യിലും നനയാതെ പൂട്ടിവെച്ച വേറെ ഓരോ കുടകളുമുണ്ട്. ആ കുട്ടികൾ കുടകൾ ഞങ്ങൾക്കു നേരെ നീട്ടി. അവർ ചൂടിവന്ന ഒരു കുടയും കൂടെ തന്നു. ആ കുട്ടി പറഞ്ഞു. "വീട്ടിൽ നിന്ന് നോക്കിയപ്പോ ഇടിമിന്നലിന്റെ വെളിച്ചത്തിൽ നിങ്ങൾ ഇവിടെ നിൽക്കുന്നത് കണ്ടു. ഇത്ര നേരായിട്ടും നിങ്ങൾ പോവാത്തതു കണ്ടപ്പോ ഞാൻ കുടയുമായി വന്നതാണ്.. നേരം ഒരുപാടായല്ലോ.." കുടകൾ കയ്യിൽ തന്ന് ആ കുട്ടികൾ രണ്ടുപേരും ഒരു കുടക്കീഴിൽ റോഡിനപ്പുറത്തെ തൊടിയിലൂടെ നടന്നുപോകുന്നത് ഞങ്ങൾ കണ്ടുനിന്നു. ഞങ്ങളും കുട തുറന്ന് പുറത്തേക്കിറങ്ങി. വരാന്തയിൽ നിൽക്കുമ്പോൾ സംഭാഷണം തുടങ്ങിവെച്ച സുഹൃത്ത് തന്നെ ആ മഴനടത്തത്തിനിടയിൽ മൗനം മുറിച്ചു. "...സത്യായിട്ടും ഒരു അധ്യാപകനായതു കൊണ്ടുതന്ന്യാ.. നമുക്കീ കുടകൾ കിട്ടിയത്! ഒരു ഡോക്ടർക്കോ എഞ്ചിനീയർക്കോ ഏതു കുട്ടികളാ കുട കൊണ്ടുപോയി കൊടുക്കുക?"

സുഹൃത്ത് പറഞ്ഞ വാക്കുകൾ എന്റെ മനസ്സിൽ തറച്ചു. മിന്നൽ വെളിച്ചത്തിലും ഞങ്ങളെ തിരിച്ചറിഞ്ഞ ആ പെൺകുട്ടിയെ കുറിച്ചോർത്തു. പെരുമഴയിൽ കൂരിരുട്ടിലും മുന്നോട്ടുപോകാൻ മിന്നൽവെളിച്ചവും കുടയും ഞങ്ങൾക്ക് തുണയായി വന്നതിനെ കുറിച്ചോർത്തു. മഴയോടൊപ്പം ഞങ്ങളുടെ വിഷാദവും കുത്തിയൊലിച്ചു പോയിരുന്നു.


സാമൂഹികനീതിക്കായുള്ള മാധ്യമപ്രവർത്തനം


**പ്രതിസന്ധികൾ, വെല്ലുവിളികൾ, പരിഹാരങ്ങൾ**

അറിവും വ്യക്തതയും നീതിബോധവും ഉൾച്ചേരുന്ന ഗുണപരമായ മാധ്യമപ്രവർത്തനം സാധ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കമിടുന്ന ഈ ശില്പശാലയിലേക്ക് മാധ്യമപ്രവർത്തകരെയും മാധ്യമ വിദ്യാർത്ഥികളെയും സാമൂഹിക പ്രവർത്തകരെയും വിഷയതത്പരരേയും ക്ഷണിക്കുന്നു.

ബന്ധങ്ങൾക്ക്: 0487-2421385, 9446576943, 9747062146

2012 മാർച്ച് 2,3,4 . അസീസി ശാന്തികേന്ദ്ര, കറുകുറ്റി, എറണാകുളം

കേരളീയം മാധ്യമ ശില്പശാല




# മാലിന്യ സംസ്കരണമല്ല, പരിപാലനം

**ഹാരിസ് നെൻമേനി**

## ഉറവിടത്തിൽതന്നെ മാലിന്യപരിപാലനം എന്ന സന്ദേശവുമായി പ്രവർത്തിക്കുന്ന സാബു അലവത്തിലിന്റെ ശ്രമങ്ങളെക്കുറിച്ച്..

ഞെളിയൻ പറമ്പ്, ലാലൂർ, കടവന്ത്ര, വിളപ്പിൽ ശാല.... കേൾക്കുമ്പോൾ തന്നെ മൂക്ക് പൊത്തിപ്പോവുന്ന സ്ഥലപ്പേരുകൾ. മാലിന്യസംസ്കരണ മേഖലയിൽ കേരളത്തിന് കീറാമുട്ടിയായി നിലനിൽക്കുന്ന ഒരുപാട് പ്രശ്നമേഖലകളിൽ ചിലത്. എത്രയൊക്കെ ഊർജ്ജവും ധനവും വ്യയം ചെയ്തിട്ടും സംസ്കരിക്കപ്പെടാനാവാത്ത നഗര മാലിന്യത്തിന്റെ കൂനകൾ.

ഗ്രാമങ്ങളിലെ മാലിന്യസംസ്കരണം എന്നത് ഗൃഹതലത്തിൽ തന്നെ സാധ്യമാവുന്ന സ്വാഭാവിക പ്രക്രിയയാവുമ്പോൾ നഗരങ്ങളിലും നഗരപ്രാന്തങ്ങളിലും ഇത് ആശങ്ക വർദ്ധിപ്പിക്കുന്ന പൊതുപ്രശ്നമായി വളർന്നുനിൽക്കുന്നു.

ഈ ഘട്ടത്തിലാണ് ഉറവിടത്തിൽ തന്നെ മാലിന്യപരിപാലനം എന്ന സന്ദേശവുമായി പ്രവർത്തിക്കുന്ന സോഷ്യൽ എഞ്ചിനീയർ സാബു അലവത്തിലിന്റെ ശ്രമങ്ങൾ ശ്രദ്ധേയവും പ്രസക്തവുമാവുന്നത്. മാലിന്യം എന്നത് സംസ്കരിക്കപ്പെടേണ്ട ഒരു വസ്തുവല്ലെന്നും മറിച്ച് ഉപഉൽപന്നങ്ങളാക്കി മാറ്റേണ്ട അടിസ്ഥാന അസംസ്കൃത വസ്തുവാണെന്നും വിശ്വസിക്കുന്ന സാബു പ്രചരിപ്പിക്കുന്നത് മാലിന്യ സംസ്കരണത്തിനുള്ള സാങ്കേതികവിദ്യ മാത്രമല്ല മാലിന്യപരിപാലനം എന്ന ആശയം കൂടിയാണ്.

അദ്ദേഹം വികസിപ്പിച്ചെടുത്ത പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നതും ഈ തത്വത്തിൽ ഊന്നിക്കൊണ്ടാണ്. വെറും ആറായിരം രൂപയുടെ ചിലവ് കൊണ്ട് വീടുകളിൽ സ്ഥാപിക്കാവുന്ന ഈ മാലിന്യപരിപാലന-ബയോഗ്യാസ് നിർമ്മാണ പ്ലാന്റിനെ ശ്രദ്ധേയമാക്കുന്നത് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണ്.

1) ചുരുങ്ങിയ സ്ഥലം മുടക്കിൽ 0.5 ക്യൂബിക് മീറ്ററിന്റെ ഈ പ്ലാന്റ് സ്ഥാപിക്കാം. ഫ്ളാറ്റ്, ഒറ്റമുറി, വാടകവീട്, ഹോട്ടലുകൾ ചെറുതും വലുതുമായ പീടികകൾ... എവിടെയും.

2) താരതമ്യേന വലുപ്പവും കനവും കുറവ്. വീട് മാറുമ്പോഴും തൽക്കാലത്തേക്ക് മാറിപ്പോവുമ്പോഴും ഒരു ഗൃഹ ഉപകരണം പോലെ പ്ലാന്റും കൂടെ കൊണ്ടുപോവാം. ഒരു പെട്ടി ഓട്ടോയോ ഓമ്നി വാനോ ധാരാളം.

(സാബു അവകാശപ്പെടുന്നു. വേറെയും പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വിപണിയിൽ കണ്ടേക്കാം. പക്ഷേ അക്ഷരാർത്ഥത്തിൽ 'മൂവബിളും' 'പോർട്ടബിളും' ആയതാണ്. ഈ പ്ലാന്റ് കനം കുറഞ്ഞിരിക്കാനായി ഫൈബറിലാണ് നിർമ്മിതി. സ്ഥലപരിമിതിയുള്ള ഇടങ്ങളിലും സ്ഥാപിക്കാനായി വലിപ്പവും കുറച്ചിരിക്കുന്നു.


3) താരതമ്യേന ചുരുങ്ങിയ ചിലവ്:-

വിപണിയിൽ ഇപ്പോൾ നിലവിലുള്ള പ്ലാന്റുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 40% മുതൽ 60% വരെ ചിലവ് കുറവാണ്.

തുടർച്ചയായിട്ടാണെങ്കിൽ മുക്കാൽ മണിക്കൂർ വരെയും ഇടവേളകളോടെയാണെങ്കിൽ ഒന്നര മണിക്കൂറും പ്രവർത്തിക്കാനുള്ള ഗ്യാസ് ഉൽപാദിപ്പിക്കാൻ ഈ പ്ലാന്റിന് കഴിയും. പ്ലാന്റും സ്റ്റൗവും ഉൾപ്പടെയുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് ചിലവു വരിക 6000 മുതൽ 6500 രൂപ വരെ മാത്രമാണ്. സാധാരണ നിലയിൽ ഒരു വീട്ടിലുണ്ടാവുന്ന പ്ലാസ്റ്റിക് ഒഴികെയുള്ള ഖര രൂപത്തിലും ദ്രവരൂപത്തിലുമുള്ള എല്ലാത്തരം മാലിന്യങ്ങളും ഈ പ്ലാന്റിൽ നിക്ഷേപിക്കാവുന്നതാണ്. ചോറിന്റെയും കറികളുടെയും അവശിഷ്ടങ്ങൾ, ചീഞ്ഞ പച്ചക്കറികൾ, കോഴിപാർട്സ്, മീനും ഇറച്ചിയും കഴുകിയ വെള്ളം... അങ്ങനെ മാലിന്യം എന്നുകരുതി സംസ്കരിക്കാൻ പ്രയാസപ്പെടുന്ന എന്തും. ഇവ പ്ലാന്റിനകത്ത് കിടന്ന് ബാക്ടീരിയയുമായി പ്രവർത്തിച്ച് പുറത്തേക്ക് വിടുന്ന ഗ്യാസ് എൽ.പി.ജി യേക്കാൾ നാലു മടങ്ങ് ഇന്ധനക്ഷമതയുള്ളതാണ്. ഗ്യാസുൽപാദനത്തിനുശേഷം ലഭിക്കുന്ന സ്ളറിയാവട്ടെ ഇന്ന് ലഭ്യമായതിൽ വെച്ച് ഏറ്റവും ഫലഭൂയിഷ്ഠതയുള്ള വളവും. അടുക്കളത്തോട്ടത്തിലും പറമ്പിലും ഇത് ഉപയോഗിക്കാം. വിപണിയിലും ആവശ്യക്കാരുണ്ട്.

സാബു അലവത്തിൽ എന്ന 34 കാരന്റെ വർഷങ്ങൾ നീണ്ട ആലോചനകളും ഗവേഷണങ്ങളുമാണ് ഇത്തരമൊരു മാതൃക വികസിപ്പിച്ചെടുക്കുന്നതിന് പിന്നിൽ. ആർട്സിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം വയനാട്ടിലെ ഒരു സോഷ്യൽ സർവ്വീസ് സെന്ററിൽ ജോലി നോക്കി വരവേയാണ് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്ന സാങ്കേതിക വിദ്യയിൽ സാബു പരിശീലനം നേടുന്നത്. രാജസ്ഥാനിലും ഗുജറാത്തിലും ലഭിച്ച പരിശീലനങ്ങളിലൂടെ ഫെറോ സിമന്റ് ജലസംഭരണികളും ബയോഗ്യാസ് പ്ലാന്റുകളും നിർമ്മിക്കുന്നതിന്റെ സാങ്കേതികവിദ്യകൾ മനസ്സിലാക്കാനായി. പിന്നീട് തൃശ്ശൂർ കേന്ദ്രീകരിച്ച് പ്ലാന്റുകളും സംഭരണികളും നിർമ്മിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വവും പരിശീലനവും

ശേഷം പേജ് 14 ൽ



*സാബു അലവത്തിൽ*

*പ്രചോദനം*



# തകർന്ന ഗിത്താറിൽമീട്ടിയ പോരാട്ടത്തിന്റെസംഗീതം

**ബിജു ജോൺ**

***കനേഡിയൻ ഗായകൻ സാവ് കരോൾ തന്റെ 'യുണൈറ്റഡ് ബ്രേക്ഡ് ഗിത്താർ' എന്ന പാട്ടിലൂടെ യുണൈറ്റഡ് എയർ ലൈൻസിനെ പാഠം പഠിപ്പിച്ച കഥ.***

ഇത് ഒരു തകർന്ന ഗിത്താറിന്റെ കഥയാണ്. പൊട്ടിയ ഗിത്താറിന്റെ കമ്പികൾ ആലപിച്ച പാട്ട് ഒരു കൊടുങ്കാറ്റായതിന്റെയും കഥയാണ്; ഒരു ഇടത്തരം സംഗീത ട്രൂപ്പായിരുന്ന സൺസ് ഓഫ് മാക്സ്വെൽ പെട്ടെന്ന് ലോകമെങ്ങും അറിയപ്പെടുന്ന തലത്തിലേക്ക് വളർന്നതിന്റെ കഥയാണ്. തകർന്ന കമ്പികളുടെ പോരാട്ടത്തിന്റെ സംക്ഷിപ്ത ചരിത്രം-ഇങ്ങനെയാണ്. കാനഡയിലെ ഒരു സാധാരണ സംഗീത ബാൻഡായ സൺസ് ഓഫ് മാക്സ്വെല്ലിലെ ഗായകനായിരുന്നു സാവ് കരോൾ. പ്രമുഖ എയർലൈൻ കമ്പനിയായ യുണൈറ്റഡ് എയർലൈൻസിൽ 2008 ൽ നടത്തിയ ഒരു യാത്രയാണ് എല്ലാത്തിന്റെയും തുടക്കം. വിമാനത്തിലെ ജോലിക്കാർ സാധനങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്തതിനാൽ കരോളിന്റെ 3500 ഡോളർ വിലവരുന്ന ടൈലർ ഗിത്താർ പൊട്ടിപ്പോയി. പിന്നീട് ചിക്കാഗോയിൽ എത്തിയ കരോൾ കമ്പനിയിൽ പരാതിപ്പെട്ടു. പരാതി ബോധിപ്പിക്കാൻ അനുവദിക്കപ്പെട്ടിരുന്ന 24 മണിക്കൂർ സമയപരിധിക്കുള്ളിൽ പരാതി കൊടുക്കാത്തതിനാൽ കരോളിന്റെ ക്ലെയിം പെറ്റീഷൻ തള്ളി. നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള കരോളിന്റെ ശ്രമങ്ങൾ നീണ്ട 9 മാസങ്ങൾക്കുശേഷവും ഫലം കണ്ടില്ല. പിന്നെ ഇനി എന്തുചെയ്യും? കരോൾ തന്റെ സംഗീതത്തിന്റെ വഴികളിലൂടെ പ്രതികരിക്കുവാൻ തീരുമാനിച്ചു. തന്റെ വിമാനയാത്രയിലെ ദുരനുഭവങ്ങൾ വിവരിച്ച് ഗാനമെഴുതി ഒരു വീഡിയോ ഗാനം ചിട്ടപ്പെടുത്തി. ഹൃദയസ്പർശിയായ വരികൾ, തകർന്ന ഗിത്താറിന്റെ ദൃശ്യങ്ങൾ എല്ലാം ചേർന്ന് ഗംഭീരൻ ഒരു സംഗീത ശിൽപ്പമായി അത്. 2009 ഓഗസ്റ്റിൽ യുണൈറ്റഡ് ബ്രേക്ക് ഗിത്താർ എന്ന പേരിൽ ആൽബം യു ട്യൂബിൽ റിലീസ് ചെയ്തു. 2010 മാർച്ചിൽ 2-ാം പതിപ്പും റിലീസ് ചെയ്തു. കമ്പനിയുടെ കസ്റ്റമർ കെയർ വിഭാഗത്തിന്റെ കെടുകാര്യസ്ഥതയെ ഗായകൻ തന്റെ സംഗീതസമരത്തിൽ നിശിതമായി വിമർശിച്ചു.

ഈ സംഗീത ആൽബത്തിന്റെ വിജയം തന്റെ കരിയറിനെ തന്നെ മാറ്റിമറിച്ചതായി കരോൾ പറയുന്നു. "യാത്രക്കാരോട് നന്നായി പെരുമാറുക, അല്ലെങ്കിൽ സ്വയം തകരുക". കരോളിന്റെ മുന്നറിയിപ്പ് ആദ്യമൊന്നും യുണൈറ്റഡ് എയർലൈൻസ് ചെവിക്കൊണ്ടില്ല. ഒടുവിൽ സംഗതി കാര്യമായത് ആൽബം വൻഹിറ്റായതോടെയാണ്. 2011 ഫെബ്രുവരി ആയപ്പോഴേക്കും പത്ത് മില്ല്യൻ ഹിറ്റുകളാണ് യൂ ട്യൂബിൽ രേഖപ്പെടുത്തിയത്. ഒടുവിൽ കമ്പനി ഭീമന് മാനസാന്തരം ഉണ്ടായി. പൊതുജനാഭിപ്രായം ഇടിഞ്ഞത് ബിസിനസ്സിലെ വൻ തകർച്ചയോടെ അവർക്ക് ബോധ്യമായി. സംഗീതത്തിന്റെയും സോഷ്യൽ നെറ്റ്വർക്ക് മീഡിയയുടെയും എല്ലാത്തിനുമുപരി സത്യത്തിന്റെയും വിജയമായിരുന്നു അത്. യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവും അതുവഴി വരുമാനത്തിലെ വൻ ഇടിവുമാണ് കമ്പനിയുടെ കണ്ണ് തുറപ്പിച്ചത്. യുണൈറ്റഡ് എയർ ലൈൻസ് എം.ഡി. റോബ് ബ്രാഡ്ഫോർഡ് ഒടുവിൽ കരോളിനെ ഫോണിൽ വിളിച്ച് ക്ഷമ ചോദിച്ചു. വീഡിയോ തങ്ങൾക്ക് ജീവനക്കാർക്കുള്ള പരിശീലനത്തിന് ഉപയോഗിക്കാൻ അനുവാദം ചോദിച്ചാണ് കമ്പനി മേധാവി തന്റെ ഹൃദയവിശാലത പ്രകടിപ്പിച്ചത്. തങ്ങളുടെ കസ്റ്റമർ കെയർ വിഭാഗത്തിന്റെ പാളിച്ചകൾ ബോധ്യപ്പെട്ടുവെന്നും തിരുത്തുമെന്നും കൂടി ഏറ്റുപറഞ്ഞതോടെ കാര്യങ്ങൾക്ക് ക്ലൈമാക്സായി. എന്നാൽ തകർന്ന ഗിത്താറുമായി അനീതിക്കെതിരെ പ്രതികരിച്ച കരോൾ കൂടുതൽ പ്രശസ്തനായി. ഗാർഡിയൻ, ദ സൺഡേ ടൈംസ്, ടൈംസ് മാഗസിൻ, ബി.ബി.സി, സി.എൻ.എൻ തുടങ്ങിയ മാധ്യമങ്ങളിലെല്ലാം കരോളിന്റെയും ഗിത്താറിന്റെയും കഥ വാർത്തയായി. വലിയ കമ്പനികളും സ്ഥാപനങ്ങളുംഉപഭോക്താക്കളെയും ഇടപാടുകാരെയും പുഴുക്കളെപ്പോലെ പരിഗണിക്കാവുന്ന സാഹചര്യങ്ങൾ ഇന്നും നിലനിൽക്കുമ്പോൾ കയ്യിലുള്ള ആയുധം-സംഗീതമെങ്കിൽ അത് വെച്ച് പോരാടിയ കരോളിന്റെ മാതൃക ആരെയാണ് ആവേശഭരിതരാക്കാത്തത്?

*വലിയ കമ്പനികളും സ്ഥാപനങ്ങളുംഉപഭോക്താക്കളെയും ഇടപാടുകാരെയും പുഴുക്കളെപ്പോലെ പരിഗണിക്കാവുന്ന സാഹചര്യങ്ങൾ ഇന്നും നിലനിൽക്കുമ്പോൾ കയ്യിലുള്ള ആയുധം-സംഗീതമെങ്കിൽ അത് വെച്ച് പോരാടിയ കരോളിന്റെ മാതൃക ആരെയാണ് ആവേശഭരിതരാക്കാത്തത്?*

# കാർ ഉപയോഗിക്കാതെ ഒരു ദിനം




കഴിഞ്ഞ ജനുവരി 19 ദുബായിയിൽ 'കാർ ഫ്രീ ഡേ' ആചരിച്ചു. ദുബായ് മുനിസിപ്പാലിറ്റിയാണ് കാർ രഹിത ദിനത്തിന് ആഹ്വാനം ചെയ്തത്. മുനിസിപ്പാലിറ്റി ഡയറക്ടർ ഹുസൈൻ നാസർ ലൂത്ത അടക്കമുള്ള ഗവ: ഉദ്യോഗസ്ഥരും സ്വകാര്യ കമ്പനി ജീവനക്കാരും കാറെടുക്കാതെ മെട്രോ ട്രെയിനിലാണ് ഓഫീസിൽ എത്തിയത്. ഇത്തി സാലാത്ത് സ്റ്റേഷനിൽ നിന്ന് യൂണിയൻ വരെയായിരുന്നു യാത്ര. പിന്നീട് യൂണിയൻ മെട്രോ സ്റ്റേഷന് അടുത്തുള്ള മുനിസിപ്പാലിറ്റി കാർ പാർക്കിംഗിലെ ഒഴിഞ്ഞ സ്ഥലത്ത് പരിസ്ഥിതി സൗഹൃദ പ്രദർശനം നാസർ ലൂത്ത ഉദ്ഘാടനം ചെയ്തു. ഇലക്ട്രോണിക് കാറുകൾ, വാഹനങ്ങളുടെ സ്പെയർ പാർട്സുകൾ ഉപയോഗിച്ച് നിർമ്മിച്ച ഫർണിച്ചർ തുടങ്ങിയവയാണ് പ്രദർശനത്തിലുണ്ടായിരുന്നത്. 2500 മുനിസിപ്പൽ ഉദ്യോഗസ്ഥരും മറ്റു ഗവ: സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും അടക്കം 3000 പേർ കാർ ഉപേക്ഷിച്ച് പൊതുവാഹനങ്ങളിൽ ജോലിക്കെത്തി ദിനാചരണത്തിൽ പങ്കാളികളായി.

നിരത്തുകളിൽ കാറുകളുടെ എണ്ണം കുറച്ച് കാർബൺഡയോക്സൈഡ് വർദ്ധനവിൽ നിന്ന് നഗരത്തെ രക്ഷിക്കുക, പൊതുയാത്രാ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക, ഇന്ധനം ലാഭിക്കുക തുടങ്ങിയവയാണ് കാർരഹിത ദിനാചരണ ലക്ഷ്യങ്ങൾ.

# മലിനീകരണം പച്ചക്കറികളിൽ

നഗരങ്ങളിൽ പച്ചക്കറി കൃഷിക്ക് വേണ്ടിമലിനജലം ജലസേചനത്തിന് വ്യാപകമായി ഉപയോഗിക്കാറുണ്ട്. ഈറോസൽ പോലുള്ള അന്തരീക്ഷ മാലിന്യങ്ങളും നഗരങ്ങളിലെ പച്ചക്കറികൃഷിയുടെ അന്തകനാണ്. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിലാണ് നഗരത്തിലെ മോശപ്പെട്ട സാഹചര്യത്തിൽ കൃഷിചെയ്തുണ്ടാക്കുന്ന പച്ചക്കറി വിഭവങ്ങളിൽ ലോഹമാലിന്യങ്ങൾ ക്രമാതീതമായ അളവിൽ കാണപ്പെടുന്നതായി വെളിപ്പെട്ടത്. 1954 ലെ ഭക്ഷണത്തിലെ മായം ചേർക്കൽനിയന്ത്രണ നിയമത്തിൽ നിഷ്കർഷിച്ചതിലും കൂടുതൽ അളവിലാണ് കണ്ടെത്തിയ മാലിന്യങ്ങളുടെ അളവ്.

---

**പേജ് 12 ൽ നിന്നും തുടർച്ച**

നൽകുമ്പോഴും ഗൃഹതലത്തിൽ തന്നെയുള്ള മാലിന്യപരിപാലനം എന്ന ആശയത്തെ കുറിച്ച് ആലോചിച്ചിരുന്നു. നിലവിലെ പല മാതൃകകളും പോയിക്കണ്ടു. പക്ഷേ പോർട്ടബിൾ എന്ന പേരിനോട് നീതി ചെയ്യുന്ന പ്ലാന്റുകൾ എവിടെയും കാണാനായില്ല. കണ്ടവയ്ക്ക് തന്നെ ചിലവും കൂടുതൽ.

പിന്നെ വീട് തന്നെ പണിശാലയാക്കി നീണ്ട പരിശീലനങ്ങൾ. ആദ്യം ഉരുവപ്പെട്ടു വന്നവയെല്ലാം സംതൃപ്തി നൽകാതെ വന്നപ്പോൾ നിർദ്ദാക്ഷിണ്യം അവയെല്ലാം ഉടച്ച് പുതിയത് വീണ്ടും നിർമ്മിച്ചു.

തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ പ്ലാന്റിനെ സംബന്ധിച്ച ബോധവൽക്കരണം നടത്തുകയാണ് അടുത്ത പടിയായി ചെയ്തത്. മാതൃകയുടെ ഗുണം എളുപ്പം പ്രചാരത്തിലായതോടെ ആവശ്യക്കാർ ധാരാളമായി. ഇപ്പോൾ തൃശ്ശൂർ ജില്ലയിലെ അഞ്ചു പഞ്ചായത്തുകൾ അവരുടെ വാർഷിക പദ്ധതിയിൽ 1000 പ്ലാന്റുകൾ വീതം സ്ഥാപിക്കാനുള്ള തുക വകയിരുത്തിക്കഴിഞ്ഞു.

സാബു പറയുന്നു: എല്ലാവരും വീട് വെയ്ക്കുമ്പോൾ ദ്രവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സോക്പിറ്റു പോലുള്ള ഉപാധികൾ നിർമ്മിക്കുന്നതിന് ശ്രദ്ധിക്കാറുണ്ട്. പക്ഷേ മിക്കവരും വെള്ളത്തിന്റെ കൂടെ ഇതിലേക്ക് ഇതര ഭക്ഷണ അവശിഷ്ടങ്ങളും നിക്ഷേപിച്ച് തൽക്കാലത്തേക്ക് ആശ്വാസം കണ്ടെത്തുന്നു. (ഇതിന് മുരിങ്ങക്കായയും തക്കാളിയുമെല്ലാം മുഴുവനായിട്ട് കടന്നുപോവാനുള്ള തുളയാണുണ്ടാവുക). പക്ഷേ ഇങ്ങനെ ചെയ്യുന്നത് കൊണ്ട് ഖരമാലിന്യ സംസ്കരണം സാധ്യമാവുന്നില്ലെന്ന് മാത്രമല്ല സോക്പിറ്റിന്റെ ഉപയോഗവും ഇല്ലാതാവുന്നു.


ഇവിടെയാണ് ഖരമാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്ന പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് പ്രസക്തമാവുന്നത്.

പ്ലാന്റ് വിജയത്തോടെ ശിശു സൗഹൃദ കക്കൂസുകൾ, അനൈറോബിക് കമ്പോസ്റ്റ്പിറ്റ് തുടങ്ങിയവയുടെ മാതൃകകൾ കൂടി കുറ്റമറ്റ രീതിയിൽ വികസിപ്പിച്ചെടുക്കുന്നതിനുള്ള ശ്രമത്തിലാണ് സാബു ഇപ്പോൾ.

സ്വന്തം വീട്ടിലെ മാലിന്യങ്ങൾ തലവഴി മുണ്ടിട്ട് വല്ലവരുടെയും പറമ്പിലോ പൊതുസ്ഥലങ്ങളിലോ കൊണ്ടിടേണ്ട കാര്യമില്ല. വേസ്റ്റ് ശേഖരിച്ച് കൊണ്ടുപോയി സംസ്കരിക്കാൻ ആരെങ്കിലും വരുന്നത് നോക്കി കാത്തുനിൽക്കേണ്ടതുമില്ല അൽപമൊന്ന് ശ്രദ്ധവെച്ചാൽ. സംസ്കരിക്കുന്നതിന് പകരം മാലിന്യത്തെ പരിപാലിക്കുക. പ്രയോജനക്ഷമമായ ഉപഉൽപന്നങ്ങൾ കൂടി ലഭിക്കുന്നു അതിലൂടെ നമുക്ക്. ഈ സന്ദേശമാണ് സാബു തന്റെ ശ്രമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത്.

**സാബുവിന്റെ ഫോൺ നമ്പർ: 9447344188**

---



*"നിങ്ങളുടെ കുട്ടികൾ നിങ്ങളുടേതല്ല. അവരെപ്പോലെയാകാൻ നിങ്ങൾക്ക് പരിശ്രമിക്കാം. പക്ഷേ അവരെ നിങ്ങളെപ്പോലെയാക്കാൻ ശ്രമിക്കരുത്. കാരണം ജീവിതം ഒഴുകുന്നത് മുന്നോട്ടാണ്. പിന്നോട്ടല്ല*

**-ഖലീൽ ജിബ്രാൻ**



*അവബോധത്തിന്റെ സൂര്യപ്രഭയിൽ ഓരോ ചിന്തയും പ്രവർത്തിയും പരിപാവനമാകും. ഇവിടെ വിശുദ്ധം എന്നോ അവിശുദ്ധം എന്നോ അതിർവരമ്പുകളില്ല.*





# പാത്രം കഴുകൽ

**തിയാങ് ങ്യാച് ഹാൻ**

പാത്രങ്ങൾ കഴുകുന്നത് സന്തോഷകരമല്ലാത്ത ഒരു ജോലിയാണെന്ന് എനിക്ക് തോന്നുന്നത് നിങ്ങളത് ചെയ്യാതിരിക്കുന്നതുകൊണ്ടാണെന്നാണ്. കുപ്പായത്തിന്റെ കൈ ചുരുട്ടി മേലോട്ട് വെച്ച് ചൂടുവെള്ളത്തിൽ കയ്യിട്ടുകൊണ്ട് സിങ്കിനു മുമ്പിൽ നിൽക്കുന്നത് വളരെ സന്തോഷകരമാണ്. പാത്രത്തെ കുറിച്ചും വെള്ളത്തെ കുറിച്ചും എന്റെ കയ്യുടെ ഓരോ ചലനത്തെ കുറിച്ചും ബോധവാനായി നിന്നുകൊണ്ട് ഓരോ പാത്രം കഴുകാനും സമയമെടുക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.ഭക്ഷണശേഷമുള്ള മധുരം കഴിക്കാനുള്ള തത്രപ്പാടിലാണ് ഞാനെങ്കിൽ പാത്രം കഴുകുന്ന സമയം അപ്രസന്നവും അനർഭവുമായി തോന്നും. അത് കഷ്ടമാണ്, കാരണം ഓരോ മിനിട്ടും ഓരോ സെക്കന്റും ജീവിതം ഒരത്ഭുമാണ്. പാത്രങ്ങളും, ഞാനവ കഴുകുന്നു എന്നതും അത്ഭുതങ്ങളാണ്.

സന്തോഷത്തോടെ പാത്രം കഴുകാതെ മധുരം കഴിക്കാനാണ് എനിക്ക് തിടുക്കമെങ്കിൽ അത് ആസ്വദിക്കാനും ഞാൻ അപ്രാപ്തനാണ്. കയ്യിൽ ഫോർക്കും പിടിച്ച് ഇനിയെന്തുവേണം എന്നു ചിന്തിച്ചു മധുരപലഹാരത്തിന്റെ മുമ്പിലിരിക്കുമ്പോൾ അതിന്റെ രുചിയും നേർമ്മയും കഴിക്കുന്നതിന്റെ സന്തോഷവും നഷ്ടമാവും. ഈ നിമിഷത്തിൽ ജീവിക്കാനാവാതെ ഭാവിയിലേക്ക് ഞാൻ വലിച്ചിഴയ്ക്കപ്പെടും.

അവബോധത്തിന്റെ സൂര്യപ്രഭയിൽ ഓരോ ചിന്തയും പ്രവർത്തിയും പരിപാവനമാകും. ഇവിടെ വിശുദ്ധം എന്നോ അവിശുദ്ധം എന്നോ അതിർവരമ്പുകളില്ല. പാത്രം കഴുകാൻ ഞാൻ അല്പസമയം കൂടുതലാണ് എടുക്കുന്നത്. എന്നാൽ ആ ഓരോ നിമിഷത്തിലും ഞാൻ പൂർണ്ണമായി ആനന്ദത്തോടെ ജീവിക്കുന്നു. പാത്രം കഴുകൽ ലക്ഷ്യവും മാർഗ്ഗവുമാകുന്നു. വൃത്തിയാകാൻ മാത്രമല്ല പാത്രങ്ങൾ കഴുകുന്നത്. അത് കഴുകുന്ന ഓരോ നിമിഷവും പൂർണ്ണമായി ജീവിക്കുവാൻ കൂടിയാണ്. ( **ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഓരോ ചുവടും ശാന്തി എന്ന പുസ്തകത്തിൽ നിന്ന്)**

# ഒഴിഞ്ഞ്

**പ്രതീഷ് എം.പി**

ഒഴിഞ്ഞ വീടിനു
പിറകിലെ മുറ്റത്ത്
പഴയ കാറ്
നിവർന്നു കിടക്കുന്നു.

അതിന്റെ കാലുകൾ
മെലിഞ്ഞ്
മണ്ണിലുടക്കുന്നു
അതിന്റെ ശരീരം
നിറം ചോർന്ന്
തുരുമ്പാവുന്നു.

ഇലയും ഇരുളും
ചവച്ച് കറുത്തുപോയ
ചുണ്ടിലൂടെ
ഏകാകിതയോളം
തണുത്ത വാക്കുകൾ
അതുറക്കെപ്പറയുന്നു.

ധ്യാനകഥ

# അറിവ്

മൂന്നു വയസ്സുകാരൻ മകൻ കടലാസിൽ വർണ്ണ പെൻസിൽ കൊണ്ട് ചിത്രം വരയ്ക്കുകയായിരുന്നു. സമയമെടുത്ത് സൂക്ഷ്മമായി വിചിത്രമായ തന്റെ ഭാവനകളെ അവൻ കടലാസിൽ പകർത്തി. ഏത് ആധുനിക ചിത്രകാരന്റെ അമൂർത്ത രചനയോടും കിടപിടിക്കാവുന്ന ഒരു മനോഹര ചിത്രം കടലാസിൽ! നീയെന്താണ് വരച്ചത് എന്ന പിതാവിന്റെ ചോദ്യത്തിന് കുട്ടിയുടെ മറുപടി ''എനിക്കറിയില്ല''.


വലിയ അദ്ധ്വാനമില്ലാതെ അഭ്യസിക്കാവുന്നതും എന്നാൽ സൂക്ഷ്മവും സമഗ്രവുമായ ഫലം ലഭിക്കുന്നതുമായ ചെറിയ കാര്യങ്ങൾ ചെയ്യുന്നതിന്റെ കലയെക്കുറിച്ചറിയാൻ ലഘുപ്രഭാഷണവും അനുഭവങ്ങൾ പങ്കിടലുകളും ഒത്തുചേരലും നടത്താൻ ഒരുക്കമാണ്. എഴുതുക/വിളിക്കുക-

*ബിജു ജോൺ,*
*അബ്ദുള്ളക്കുട്ടി എടവണ്ണ,*

*9946428284,8547300532*




**100 രൂപയ്ക്ക് കിട്ടുന്നത്..**



മീൻകറി കൂട്ടി ഒരു ഊണ് കഴിക്കാൻ 100 രൂപ. അഞ്ചു കുപ്പി പച്ചവെള്ളത്തിനും വേണം 100 രൂപ. 100 രൂപയ്ക്ക് കിട്ടുന്ന സാധനങ്ങളുടെ ലിസ്റ്റ് മനസ്സിലോർക്കുക. ഒരു 100 അയച്ചാൽ ലിറ്റിൽ മാസിക ഒരു വർഷത്തേക്ക് തപാലിൽ കിട്ടും.ദയവായി ഇന്നു തന്നെ.......

*-ലിറ്റിൽ മാസിക,ചുങ്കത്തറ,*
*മലപ്പുറം-679334*

Rs.10/- Little Masika February 2012 Reg No. RN67322 /94
Postal Reg.No.KL/MJI/82/2010-12



കാമ്പയിൻ

# റേഡിയോ കാലം
## തിരിച്ചുപിടിക്കുക

*ഇക്കഴിഞ്ഞ ഫെബ്രുവരി 3-ാം തിയ്യതി കോഴിക്കോട് ആകാശവാണി നിലയം കാലത്ത് 6.20 ന് പ്രക്ഷേപണം ചെയ്ത 'ശ്രദ്ധ' എന്ന പ്രതിദിന പരിപാടിയുടെ ഒരു ഭാഗം വായനക്കാർക്കായി പുനരാവിഷ്കരിക്കുന്നു.*

**അവതാരകൻ:** മൂന്ന് വയസ്സു മുതൽ പ്രീ പ്രൈമറി വിദ്യാഭ്യാസം നൽകാമെന്ന് അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്കു വേണ്ടി നൽകിയ ഒരു ഹരജിയിൽ തീർപ്പ് കൽപ്പിച്ച് ഈയിടെ ഡൽഹി ഹൈക്കോടതി ഉത്തരവിടുകയുണ്ടായി. പ്രീ പ്രൈമറി വിദ്യാഭ്യാസം ഏത് പ്രായത്തിൽ തുടങ്ങണം എന്ന കാര്യത്തിൽ പല അഭിപ്രായങ്ങൾ ഉണ്ട്. ഈ വിഷയത്തിൽ ചർച്ചകൾക്ക് പ്രസക്തിയുണ്ട്. വിഷയത്തിൽ ഇടപെട്ട് കോഴിക്കോട് ഡയറ്റ് പ്രിൻസിപ്പൽ ജോർജ്ജ് ജോസഫ് സംസാരിക്കുന്നു:

**ജോർജ്ജ് ജോസഫ്:** മൂന്നാം വയസ്സിൽ നഴ്സറി പ്രവേശനം നടത്തുകയാണെങ്കിൽ പഠിപ്പിക്കുന്ന വിഷയം ഏതാണ് എന്നതാണ് പ്രശ്നം. സാമൂഹിക വൽക്കരണമാണ് ആ ഘട്ടത്തിൽ നടക്കുന്നതെങ്കിൽ കുഴപ്പമില്ല. എന്നാൽ എഴുത്തും വായനയും കണക്കും മറ്റു വിഷയങ്ങളും പഠിപ്പിച്ച് തുടങ്ങിയാൽ അത് ആശാസ്യമല്ല. ഇന്ന് അണുകുടുംബങ്ങളാവുകയും വീട്ടിലുള്ള എല്ലാവരും ജോലിക്കും മറ്റും പുറത്തുപോകുകയും ചെയ്യുമ്പോൾ നഴ്സറി സ്കൂളുകളെ ആശ്രയിക്കേണ്ടി വരുന്നു എന്നത് സ്വാഭാവികമാണ്. വിദേശങ്ങളിൽ നാലര വയസ്സിൽ മാത്രമെ പ്രീ പ്രൈമറി വിദ്യാഭ്യാസം തുടങ്ങൂ. ഔപചാരിക വിദ്യാഭ്യാസമാവട്ടെ ഏഴ് വയസ്സിലും. പുതിയ വിദ്യാഭ്യാസ നിയമമനുസരിച്ച് 6 വയസ്സിലേ ഔപചാരിക വിദ്യാഭ്യാസം തുടങ്ങാൻ പാടുള്ളു. മൂന്ന് വയസ്സിൽ നഴ്സറിയിൽ ചേർത്താൽ മൂന്ന് വർഷക്കാലം അനൗപചാരിക വിദ്യാഭ്യാസം മാത്രമേ നൽകാവൂ. മൂന്ന് വയസ്സു മുതൽ അധ്യയനം നടത്തുന്ന സ്ഥാപനങ്ങൾ കുട്ടികളെ എന്ത് പഠിപ്പിക്കുന്നു എന്നതാണ് പ്രശ്നം. പലപ്പോഴും ആ ഘട്ടത്തിൽ തന്നെ അക്ഷരവും അക്കങ്ങളും ഒക്കെ പഠിപ്പിച്ച് തുടങ്ങുന്നു. പലപ്പോഴും ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഒരു വലിച്ച് നീട്ടലായാണ് നഴ്സറി വിദ്യാഭ്യാസത്തെ പല സ്ഥാപനങ്ങളും കാണുന്നത്. മോണ്ടിസോറി രീതിയും പ്രാഗ് വായനയും മറ്റും ആയിരിക്കണം പ്രീ പ്രൈമറി ഘട്ടത്തിൽ അവലംബിക്കേണ്ടത്.

**അവതാരകൻ:** പ്രീ പ്രൈമറി തലത്തിൽ പഠന മാധ്യമം എന്തായിരിക്കണം?

**ജോർജ്ജ് ജോസഫ്:** ഒരു ഭാഷ ഉറച്ച് കഴിഞ്ഞാൽ മാത്രമേ മറ്റൊരു ഭാഷ പഠിപ്പിക്കാൻ പാടുള്ളു. അമ്മയുടെ അടുത്തുനിന്നും പിടിച്ചുകൊണ്ടുവരുന്ന കുഞ്ഞുങ്ങളാണ് പ്രീ പ്രൈമറി തലത്തിൽ എത്തുന്നത്. മാതൃഭാഷയിൽ തന്നെയാണ് അധ്യയനം തുടങ്ങേണ്ടത്.

**വിദ്യാഭ്യാസ വിചക്ഷണനായ ശ്രീ. ഒ. എം. ശങ്കരൻ:** മൂന്ന് വയസ്സിൽ തന്നെ പ്രീ പ്രൈമറി വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങൾക്ക് അനുമതി നൽകിയാൽ അത് ദുരുപയോഗിക്കപ്പെടും. ഇത് കുട്ടികളുടെ വൈകാരിക വളർച്ചയെ ബാധിക്കും. ഈ പ്രായത്തിൽ ഒരു അമ്മൂമ്മ കുട്ടികൾക്ക് കഥയും മറ്റും പറഞ്ഞുകൊടുക്കുന്നതു പോലെയേ അധ്യയനം നടത്താവൂ.

മൂന്ന് വയസ്സിൽ തന്നെ എഴുത്തും വായനയും തുടങ്ങിയാൽ കുട്ടികളിൽ പഠനത്തോട് വിരക്തിയാണുണ്ടാവുക. ഏത് വയസ്സിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം തുടങ്ങുന്നു എന്നതിലല്ലല്ലോ, ആ പ്രായത്തിൽ എന്ത് അഭ്യസിപ്പിക്കണം എന്നതിലാണ് ചർച്ച വേണ്ടത്.

**അവതരണം:** കെ.കെ. ശിവദാസ്
**നിർവ്വഹണം:** കെ.എം. നരേന്ദ്രൻ

Edited,Printed, Published and Owned by Biju John (Responsible for selection of news under the